നം.കെ.എസ്.എ.പി.റ്റി.എ.പി.**10 /95/2017** തീയതി**: 13 .02.2017**

<u>കൊടുമൺ ഗ്രാമപഞ്ചായത്തിന്റെ **2015-16** സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

**(1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം **215(4) -** വകുപ്പ്**, 1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം **13-**ാം വകുപ്പ്**, 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്**)**

<u>ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ</u>

കൊടുമൺ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 01.07.2016 മുതൽ 25.01.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ്അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ.ഹബീബ് മുഹമ്മദ്**,** ഡെപ്യൂട്ടി ഡയറക്ടർ |

<u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം |
|---|---|
| 27.01.2017 മുതൽ 31.01.2017 വരെ | ശ്രീ.അനിൽ മാത്യു ഐപ്പ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീ. സി.അനിൽകുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീ മഹേഷ് കുമാർ.കെ.ആർ,സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.ജയപ്രഭ. പി,സീനിയർ ഗ്രേഡ് ഓഡിറ്റർ.<br>ശ്രീമതി ലേഖ ജനാർദ്ദൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ |

<u>നിർവ്വഹണാധികാരികൾ</u>

| | |
|---|---|
| പ്രസിഡന്റ് | 1)ശ്രീ.എ.വിജയൻ നായർ<br>01.04.2015 മുതൽ 31.10.2015 വരെ<br>2)ഭരണനിർവ്വഹണ സമിതി<br>01.11.2015 മുതൽ 18.11.2015 വരെ<br>3)ശ്രീമതി കുഞ്ഞന്നാമ്മക്കുഞ്ഞ്<br>19.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | പി.വത്സലാകുമാരി അമ്മ<br>01.04.2015 മുതൽ 31.03.2016 വരെ |

<u>റിപ്പോർട്ടിന്റെ ഉള്ളടക്കം</u>

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

<u>ഭാഗം **1:** പൊതു അവലോകനം</u>

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

<u>ഭാഗം **2:** വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

<u>ഭാഗം **3:** ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ , മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

<u>ഭാഗം **4:** ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും</u>

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

<u>അനുബന്ധം</u>

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ്- 2015-16
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്- 2015-16
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്- 2015-16

ഉള്ളടക്കം

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നം. |
|---|---|---|
| | ഭാഗം**-1** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് | 1-2 |

| | | |
|---|---|---|
| | നല്കിയതിന്റെ വിവരം | |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | പദ്ധതി നിർവ്വഹണ വിവരങ്ങൾ | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | മരാമത്ത് പ്രവൃത്തികളിലെ അപാകതകൾ | 1-11 |
| | ഭാഗം-**2** | |
| | വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 12 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 2-1 |
| 13 | വസ്തു നികുതി പിരിവ് കാര്യക്ഷമമല്ല. | 2-2 |
| 14 | സർക്കാർ വിജ്ഞാപനം ചെയ്ത പ്രകാരം പുതിയ ഇനങ്ങൾക്ക് വസ്തുനികുതി നിരക്ക് നിശ്ചയിച്ചില്ല. | 2-3 |
| 15 | വസ്തു നികുതി പരിഷ്കരണ നടപടികൾ അപൂർണ്ണം- നികുതിദായകർക്ക് സേവനം ലഭിക്കുവാൻ കാലതാമസം ഉണ്ടാകുന്നു | 2-4 |
| 16 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കാത്തത് സംബന്ധിച്ച് | 2-5 |
| 17 | ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ അപൂർണ്ണം - വരുമാന ചോർച്ചയ്ക്ക് സാധ്യത | 2-6 |
| 18 | തൊഴിൽ നികുതി - നിയമവും ചട്ടങ്ങളും പൂർണ്ണമായി പാലിക്കാത്തതിനാൽ വരുമാനത്തിൽ കുറവ് ഉണ്ടാകുന്നു | 2-7 |
| 19 | ഡി&ഒ ലൈസൻസ് എടുക്കുന്നതിൽ ചട്ട പ്രകാരമുള്ള സമയക്രമം പാലിക്കുന്നില്ല | 2-8 |
| 20 | കൃത്യമായ വരുമാനത്തിന്റെയടിസ്ഥാനത്തിൽ ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കാത്തതിനാൽ വരുമാനത്തിൽ കുറവുണ്ടാകുന്നു | 2-9 |
| 21 | ആവശ്യമായ രേഖകൾ ഹാജരാക്കാതെ ഡി&ഒ ലൈസൻസ് നൽകി | 2-10 |
| 22 | റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല | 2-11 |
| 23 | പരസ്യനികുതി പിരിക്കുന്നില്ല | 2-12 |
| | ഭാഗം-**3** | |
| | ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 24 | സമ്പൂർണ്ണ ഇ-സാക്ഷരത പദ്ധതിയിൽ വീഴ്ച. | 3-1 |
| 25 | 1:2:4 റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകിയതു മൂലം ഗ്രാമപഞ്ചായത്തിന് ₹301387 രൂപയുടെ നഷ്ടം സംഭവിച്ചു. | 3-2 |
| 26 | പോട്ട്ഹോൾ ഫില്ലിംഗിന് ഒബ്സെർവ്ഡ് ഡാറ്റ തയ്യാറാക്കിയതിൽ അപാകത - അധിക നിരക്ക് അംഗീകരിക്കുന്നില്ല | 3-3 |
| 27 | മാനേജ്മെൻറ് സ്കൂളിന് പൈക്ക ഫണ്ട് ഉപയോഗിച്ച് കളിസ്ഥല നിർമ്മാണം - പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധം | 3-4 |
| 28 | പദ്ധതിവിഹിതം പൂർണ്ണമായും വിനിയോഗിക്കാതിരുന്നതിനാൽ 1.69 കോടി രൂപ പഞ്ചായത്തിന് നഷ്ടമായി | 3-5 |
| 29 | ഭൂമിയുടെ ഉടമസ്ഥതാവകാശം തെളിയിക്കുന്നതിനുള്ള രേഖകൾ പഞ്ചായത്തിൽ ലഭ്യമല്ല. | 3-6 |
| 30 | തെരുവ് നായ്ക്കൾക്ക് സ്റ്ററിലൈസേഷൻ– തുക വിനിയോഗിച്ചതിന്റെ രേഖയില്ല | 3-7 |
| 31 | SSA യ്ക്ക് നൽകിയ 5 ലക്ഷം രൂപയുടെ വിനിയോഗ വിവരം ലഭ്യമല്ല | 3-8 |
| 32 | മീഡിയാശ്രീ-പദ്ധതി നടപ്പായില്ല | 3-9 |
| 33 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് -അർഹമായ ആനുകൂല്യംനൽകുന്നില്ല | 3-10 |
| 34 | അങ്കണവാടികൾ– അവലോകനം | 3-11 |
| 35 | ആശ്രയ പദ്ധതി | 3-12 |
| | ഭാഗം- **4** ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും | |
| 36 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 37 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 39 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 40 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 41 | ഓഡിറ്റ് റിക്കവറി | 4-6 |
| 42 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 25.03.2015 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**2015-16**

| ഇനം | ബജറ്റ് പ്രകാരം പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | (+) / (-) |
| മുന്നിരിപ്പ് | (-)(44791908) | 27769162 | 72561010 | | (+)161% |
| വരവ് | 128441500 | 66117347 | | 62324153 | (-)48.52 |
| ആകെ | 83649592 | 93886509 | 10236917 | | (+)10.9% |
| ചെലവ് | 81341403 | 74690230 | | 6651173 | (+)8.17% |
| നീക്കിയിരിപ്പ് | 2308189 | 19196279 | 16888090 | | (+)731.65% |

മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകളിൽ ഭീമമായ അന്തരമാണുള്ളതെന്ന് മേൽപറഞ്ഞ കണക്കുകൾ വ്യക്തമാക്കുന്നു. ഫണ്ടുകളിലെ യഥാർത്ഥ നീക്കിയിരിപ്പ് തുകകൾ പരിഗണിക്കാതെയാണ് ബജറ്റ് തയ്യാറാക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. വിവിധ നികുതി,നികുതിയേതര വരുമാനങ്ങളുടെ ബജറ്റ് നിർദ്ദേശവും യഥാർത്ഥ ഡിമാന്റും തമ്മിലുള്ള വ്യതിയാനം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് നിർദ്ദേശം | യഥാർത്ഥ ഡിമാന്റ് | വ്യത്യാസം(-)/(+) |
|---|---|---|---|
| വസ്തുനികുതി | 2500000 | 2361699 | (-)138301 |
| തൊഴിൽ നികുതി | 1200000 | 1249650 | (+)49650 |
| പരസ്യം | 50000 | ഡിമാന്റ് ചെയ്തിട്ടില്ല | (-)50000 |
| വാടക | 199700 | 234092 | (+)34392 |
| ഡി.&ഒ ലൈസൻസ് | 50000 | 67650 | (+)17650 |
| പെർമിറ്റ് ഫീ | 165000 | 80923 | (-)84077 |

വരവുകളുടെ മതിപ്പ് സവിസ്താരവും വാസ്തവികവും ആയിരിക്കേണ്ടതും മുൻ വർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനങ്ങളോടുമൊപ്പം വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതുമാണെന്ന് പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214 (3) ൽ നിഷ്കർഷിക്കുന്നുണ്ട്.എന്നാൽ മുൻ വർഷത്തെ യഥാർത്ഥ ഡിമാന്റിൽനിന്നും വ്യതിചലിച്ചാണ് ബജറ്റ് തയ്യാറാക്കിയിരിക്കുന്നതെന്ന് മേൽപട്ടികയിൽ നിന്നും വ്യക്തമാണ്.ഇതിനുള്ള വിശദീകരണങ്ങളൊന്നും തന്നെ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല.യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിച്ച തീയതി | സർട്ടിഫിക്കറ്റിന്റെ വിശദാംശം |
|---|---|---|
| 2015-16 | 12.07.2016 | വിശേഷണങ്ങളോടുകൂടിയ സർട്ടിഫിക്കറ്റ് |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ്& പേയ്മെന്റ് പത്രിക പ്രകാരം)

):

| | |
|---|---|
| മുന്നിരിപ്പ് | 28769728 |
| വരവ് | 38670170 |
| ആകെ | 67439898 |
| ചെലവ് | 50367553 |
| നീക്കിയിരിപ്പ് | **17072345** |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക | ആകെ തുക | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക | നീക്കി ബാക്കി |
|---|---|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 777631 | 1455148 | 7789826 | 10022605 | 10022605 | | |
| വികസനഫണ്ട്(എസ്.സി.പി) | 3077722 | 10819464 | - | 13897186 | 11506142 | 2391044 | |
| വികസനഫണ്ട്(റ്റി.എസ്.പി) | 0 | 171000 | - | 171000 | 171000 | - | |
| സംരക്ഷണഗ്രാന്റ് (റോഡ്) | 508111 | 2076608 | - | 2584719 | 2584719 | - | |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 2115679 | 580221 | - | 2695900 | 2695900 | - | |
| ധനകാര്യകമ്മീഷൻ അവാർഡ് | 2124292 | 7134034 | - | 9258326 | 7013908 | 2244418 | |
| ലോകബാങ്ക് ധനസഹായം | 3401000 | 0 | - | 3401000 | 246636 | 3154364 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 2015-16 | 206 | 159 | 0 | 47 | 77.18% |

<u>വാർഷിക പദ്ധതിയിൽ എല്ലാ വികസന മേഖലകൾക്കും അർഹമായ പരിഗണന നൽകിയില്ല</u>

പഞ്ചായത്ത് രാജ് നിയമം മൂലം (കേരള പഞ്ചായത്ത് രാജ് ആക്ട് 166 വകുപ്പ് (1)-ാം ഉപവകുപ്പ് 3-ാം പട്ടിക) ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ കൃഷി, മൃഗസംരക്ഷണം തുടങ്ങി 19 മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളുടെ നിർവ്വഹണത്തിനായിരിക്കണം ഗ്രാമപഞ്ചായത്തുകൾ വാർഷിക പദ്ധതിയിൽ തുക വകയിരുത്തേണ്ടത്. ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതിയിൽ എല്ലാം വികസന മേഖലകൾക്കും അർഹമായ പരിഗണന നൽകിയിട്ടില്ല. കാർഷിക മേഖലയിലെ ഫണ്ടിന്റെ വിനിയോഗം നാമമാത്രമായിരുന്നു. വിദ്യാഭ്യാസം, ക്ഷീരവികസനം, മത്സ്യബന്ധനം തുടങ്ങിയ ഉല്പാദന മേഖലകളെ പൂർണ്ണമായും അവഗണിച്ചു. പൊതുമരാമത്ത് മേഖലയിൽ റോഡ് നിർമ്മാണത്തിനാണ് വാർഷിക പദ്ധതിയിൽ മുന്തിയ പരിഗണന നൽകിയിട്ടുള്ളത്.


<u>പ്രോജക്ടുകളുടെ ബാഹുല്യം പദ്ധതി നിർവ്വഹണത്തിന്റെ ഫലക്ഷമത ഇല്ലാതാക്കുന്നു</u>

പ്രോജക്ടുകളുടെ ബാഹുല്യം ഗ്രാമപഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമതയെയും, ഫലക്ഷമതയെയും പ്രതികൂലമായി ബാധിക്കുന്നു. 2015-16 സാമ്പത്തിക വർഷം 206 പ്രോജക്ടുകൾ ആവിഷ്ക്കരിച്ചുവെങ്കിലും 159 പ്രോജക്ടുകൾ മാത്രമാണ് നടപ്പിലായത്. **75820503** രൂപ പദ്ധതി അടങ്കലായി നിശ്ചയിച്ചുവെങ്കിലും **37912803** രൂപ മാത്രമാണ് ചെലവിട്ടത് (50%). ആവിഷ്ക്കരിച്ച പദ്ധതികളിൽ 67.96% വും പശ്ചാത്തല മേഖലയിലാണ്.ഇതിൽ തന്നെ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളാണ് ഭൂരിഭാഗവും. പൊതുമരാമത്ത് പ്രവൃത്തികൾക്കായി 140 പ്രോജക്ടുകൾ ആവിഷ്ക്കരിച്ചുവെങ്കിലും നിർവ്വഹണം പൂർത്തീകരിച്ചത് 97 എണ്ണം മാത്രമാണ്. പ്രോജക്ടുകളുടെ എണ്ണം വർതോതിൽ കുറച്ച് പദ്ധതിപ്പണം പൂർണ്ണമായി ചെലവഴിക്കുന്ന നിരവധി പഞ്ചായത്തുകൾ ജില്ലയിൽ തന്നെ മാതൃകയായി തുടരുമ്പോഴാണ് കൊട്ടുമൺ ഗ്രാമപഞ്ചായത്തിൽ ഇങ്ങനെയൊരു സ്ഥിതിവിശേഷം.

വർഷങ്ങളായി സ്പിൽ ഓവറായി പല പ്രോജക്ടുകൾക്കും തുക വകയിരുത്തി ചെലവു നടക്കാത്ത അവസ്ഥയാണ്.കൊടുമൺ മൃഗാശുപത്രി നവീകരണം,ആയുർവേദാശുപത്രി നവീകരണം,ഗവ.എൽ.പി.എസ് കടിവെള്ള പദ്ധതി,ഐക്കാട് 95-ാം നമ്പർ അങ്കണവാടി കെട്ടിട നിർമ്മാണം എന്നിവ ഏതാനം ഉദാഹരണങ്ങൾ മാത്രമാണ്. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ച്ചവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | ചെലവ് | ചെലവ് ശതമാനം | 2015-16-ലെ ആകെ ചെലവിന്റെ (37912803) ശതമാനം |
|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 6 | 2593331 | 6 | 1632917 | 62.97 | 4.31 |
| 2 | മൃഗസംരക്ഷണം | 2 | 805103 | 2 | 205103 | 25.48 | 0.54 |
| 3 | എം.ഒ. (പി.എച്ച്.സി.) | 4 | 927600 | 4 | 852523 | 91.91 | 2.25 |
| 4 | എം.ഒ. (ഹോമിയോ) | 1 | 350000 | 1 | 350000 | 100.00 | 0.92 |
| 5 | എം.ഒ. (ആയുർവേദം) | 3 | 717300 | 3 | 717300 | 100.00 | 1.89 |
| 6 | വി.ഇ.ഒ. | 12 | 8263400 | 12 | 1700500 | 20.58 | 4.49 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 3026300 | 5 | 2348935 | 77.62 | 6.20 |
| 8 | സെക്രട്ടറി | 17 | 7334059 | 16 | 4188267 | 57.11 | 11.05 |
| 9 | അസി.എഞ്ചിനീയർ | 140 | 43137710 | 97 | 23092234 | 53.53 | 60.91 |
| 10 | അസി. സെക്രട്ടറി | 10 | 6726000 | 9 | 2356000 | 35.03 | 6.21 |
| 11 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 1547000 | 3 | 419024 | 27.09 | 1.11 |
| 12 | ഹെഡ് മാസ്റ്റർ | 3 | 392700 | 1 | 50000 | 12.73 | 0.13 |
| | ആകെ | **206** | **75820503** | **159** | **37912803** | 50.00 | 100.00 |

വാർഷിക പദ്ധതിയിൽ എല്ലാ വികസന മേഖലകൾക്കും, പ്രത്യേകിച്ച് ഉല്പാദന മേഖലയ്ക്ക് അർഹമായ പരിഗണന നൽകേണ്ടതാണ്.





## 1-6 <u>പദ്ധതി നിർവ്വഹണ വിവരങ്ങൾ</u>


ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

**<u>2015-16</u>**

| *ഇനം* | *മേഖല* | *ആവിഷ്കരിച്ച പദ്ധതികൾ* | | *നടപ്പിലാക്കിയ പദ്ധതികൾ* | | *ചെലവ് ശതമാനം* |
|---|---|---|---|---|---|---|
| | | *എണ്ണം* | *അടങ്കൽ* | *എണ്ണം* | *ചെലവ്* | |
| | ഉല്പാദനം | 11 | 4647603 | 10 | 2279622 | 49.05 |
| ജനറൽ | സേവനം | 57 | 21399801 | 37 | 9981629 | 46.64 |
| | പശ്ചാത്തലം | 72 | 23030806 | 60 | 12538509 | 54.44 |
| | ഉല്പാദനം | 3 | 717831 | 3 | 243525 | 33.93 |
| എസ്.സി.പി | സേവനം | 18 | 12817700 | 15 | 4221121 | 32.93 |
| | പശ്ചാത്തലം | 44 | 13035762 | 33 | 8477397 | 65.03 |
| | ഉല്പാദനം | 0 | 0 | 0 | 0 | 0 |
| റ്റി.എസ്.പി | സേവനം | 1 | 171000 | 1 | 171000 | 100 |
| | പശ്ചാത്തലം | 0 | 0 | 0 | 0 | 0 |
| ആകെ | | **206** | **75820503** | **159** | **37912803** | **50** |




ചെലവുകൾ പശ്ചാത്തല മേഖലയിൽ കേന്ദ്രീകരിക്കുന്നു.




## 1-7 തനത് വരുമാനം

സ്ഥാപനത്തിന് ഓഡിറ്റ് വർഷങ്ങളിൽ ലഭിച്ച തനതു വരുമാനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു. **2015-16**

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4035028 | 3859617 | (-)175411 | (-)4% |
| നികുതിയേതര വരവുകൾ | 222526 | 757598 | (+)535072 | (+)240% |
| മറ്റ് വരവുകൾ | 2218447 | 1438517 | (-)779930 | (-)35% |
| ആകെ | 6476001 | 6055732 | (-)420269 | (-)6% |

2015-16 വർഷം നികുതി വരുമാനത്തിൽ കുറവുണ്ടായി. വസ്തു നികുതി, തൊഴിൽ നികുതി ഡി.ആന്റ് ഒ. ലൈസൻസ് ഫീസ് ഉൾപ്പെടെയുള്ള സ്രോതസ്സുകളിൽ നിന്നുള്ള വരുമാനം പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് പരാജയപ്പെട്ടതുകാരണമാണ് ഇത്തരത്തിൽ വരുമാന ചോർച്ചയുണ്ടായത്. പഞ്ചായത്ത് ഭരണസമിതിയും ഉദ്യോഗസ്ഥരും തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതും അതുവഴി പഞ്ചായത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 30 | 3503160 |
| വിധവാപെൻഷൻ | 82 | 9340120 |
| 50വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 8 | 358040 |
| വാർദ്ധക്യകാലപെൻഷൻ | 1046 | 6328920 |
| വികലാംഗപെൻഷൻ | 30 | 3176525 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.01.2017 ൽ 3.30 P.M ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 9281/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09.12.2016മുതൽ 16.12.2016 വരെ | നവംബർ 2016 | 27.01.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | .01.04.2004 മുതൽ 19.04.2004 വരെ | 1997-98 മുതൽ 2003-04 വരെ | 03.08.2004 |

## 1-11 മരാമത്ത് പ്രവൃത്തികളിലെ അപാകതകൾ

(1) <u>അംഗീകൃത ക്രഷർ യൂണിറ്റിൽ നിന്നും നിർമ്മാണസാമിഗ്രികൾ വാങ്ങുന്നതിന്റെ ബിൽ ഹാജരാക്കുന്നില്ല</u>

2015-16 വർഷം ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ പ്രവൃത്തികൾക്ക് ആ വശ്യമായ മെറ്റൽ,എം.സാന്റ് എന്നിവ വാങ്ങിയതിന് അംഗീകൃത ക്രഷർ യൂണിറ്റിൽ നിന്നും ലഭിക്കുന്ന ബിൽ ചെലവിന് ആധാരമായി ഗുണഭോക്തൃസമിതി ഹാജരാക്കുന്നില്ല. പകരം പ്രസ്തുത സാമിഗ്രികൾ കയറ്റിക്കൊണ്ടു വന്ന ലോറി ഡ്രൈവറുടെ വൗച്ചർ മാത്രമാണ് പരിശോധനക്ക് ഹാജരാക്കുന്നത്. റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് മെറ്റൽ, എം.സാന്റ് എന്നിവ സ്റ്റാക്ക് ചെയ്ത് എം.ബുക്കിൽ രേഖപ്പെടുത്താത്ത സാഹചര്യത്തിൽ കൃത്യമായ അളവിൽ സാമിഗ്രികൾ വാങ്ങി ഉപയോഗിച്ചിട്ടുണ്ടോ എന്ന് ഉറപ്പ വരുത്തുവാൻ ഇതു മൂലം സാധിക്കുന്നില്ല. മുൻ വർഷത്തെ റിപ്പോർട്ടിലും ഈ വിവരം ചൂണ്ടിക്കാണിച്ചെങ്കിലും

അംഗീകൃത ക്രഷർ യൂണിറ്റിൽ നിന്നും ലഭിക്കുന്ന ബിൽ വാങ്ങി സൂക്ഷിക്കുന്നതിനുള്ള ശ്രമം നിർവ്വഹണ ഉഗ്യോഗസ്ഥന്റെ ഭാഗത്തു നിന്നും ഉണ്ടാകുന്നില്ല. ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

(2 <u>കരാറുകാർ വാറ്റ് ബാധ്യത സർട്ടിഫിക്കറ്റ് ഹാജരാക്കുന്നില്ല</u>

വാണിജ്യ നികുതി കമ്മീഷണറുടെ 31-03-2011ലെ 5/2011 നം. സർക്കുലർ പ്രകാരം കരാറുകാർക്ക് പാർട്ട് ബിൽ / ഫൈനൽ ബിൽ തുക നൽകുമ്പോൾ വാണിജ്യ നികുതി വകുപ്പിൽ നിന്നും നൽകുന്ന ഫോറം 1EE പ്രകാരമുള്ള ബാദ്ധ്യതാ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ ആവശ്യപ്പെടേണ്ടതും ആയത് പ്രകാരം ടി.ഡി.എസ് ഈടാക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം 2003 ലെ കേരള മൂല്ല്യ വർദ്ധിത നിയമം സെക്ഷൻ 10(2),2(എ),(11)എ,ബി എന്നിവ പ്രകാരം സ്രോതസ്സിൽ നിന്നും നികുതി ഈടാക്കി സർക്കാരിലേക്ക് ഓൺലൈനായി അടവാക്കേണ്ടതാണ്. എന്നാൽ കരാറുകാർ നടപ്പാക്കുന്ന പ്രവൃത്തികളുടെ കാര്യത്തിൽ മേൽത്തരത്തിലുള്ള നികുതി ബാദ്ധ്യതാ സർട്ടിഫിക്കറ്റ് ആവശ്യപ്പെടുകയോ ഹാജരാക്കുകയോ ചെയ്യാതെ സ്രോതസ്സിൽ നിന്നും നികുതി പിടിച്ച്

ഒടുക്കുകയാണ് ചെയ്യുന്നത്. നികുതി ബാദ്ധ്യതാ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ാഡിറ്റ് വർഷത്തെ ധനകാര്യപത്രിക നിയമപ്രകാരമുള്ള സമയപരിധിക്കുള്ളിൽ(29.06.2016) ഓഡിറ്റിന് ലഭ്യമാക്കിയിരുന്നു. ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ട അപാകതകളുടെ വിവരം ാഴെ ചേർക്കുന്നു.

1. ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. അവ ശേഖരിച്ച് സചിത്ര സോഫ്റ്റ് വെയറുമായി സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം ഇപ്പോഴും പ്രാവർത്തികമാക്കിയിട്ടില്ല. ഈ കാരണത്താൽ തൻവർഷവും മുൻവർഷങ്ങളിലും തേയ്മാനം കുറവ് ചെയ്തിട്ടില്ല.ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ വിവരം ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ല.
2. വസ്തു നികുതി പരിഷ്കരണം പൂർണ തോതിൽ തൻവർഷം സാധ്യമാകാതെ വന്നതിനാൽ കൃത്യമായ ഡിമാന്റ് നിർണയിച്ച് ചേർക്കാൻ കഴിഞ്ഞില്ല. ഇക്കാരണങ്ങളാൽ കണക്കുകളിൽ രേഖപ്പെടുത്തിയിട്ടുള്ള കുടിശ്ശിക-തന്നാണ്ട് തുകകളുടെ കൃത്യതയും വ്യക്തമല്ല

## 2-2 വസ്തു നികുതി പിരിവ് കാര്യക്ഷമമല്ല

പഞ്ചായത്തിലെ 2015-16 വർഷത്തെ വസ്തു നികുതി പിരിവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഡിമാന്റ്(കുടിശ്ശിക ഉൾപ്പെടെ) | കളക്ഷൻ | ബാലൻസ് | പിരിവിന്റെ ശതമാനം |
|---|---|---|---|---|
| 2015-16 | 4140474 | 1804481 | 2335993 | 44.00% |

വസ്തു നികുതി കൃത്യമായി പിരിച്ചെടുക്കുന്നതിൽ പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധ കാണിക്കുന്നില്ല. 2014-15വർഷം 52% കളക്ഷൻ ഉണ്ടായിരുന്നത്. 2015-16 വർഷം 44% ആയി കുറഞ്ഞു. 2014-15വർഷം ഈ ഇനത്തിലുള്ള കുടിശ്ശിക1778775 /- രൂപയായിരുന്നത് 2015-16 വർഷം 2335993/- രൂപയായി ഉയർന്നിട്ടുണ്ട്.

സഞ്ചയാ സോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി പൂർത്തീകരിച്ച് പരിഷ്കരിച്ച നിരക്കിൽ വസ്തു നികുതി കൃത്യമായി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 സർക്കാർ വിജ്ഞാപനം ചെയ്ത പ്രകാരം പുതിയ ഇനങ്ങൾക്ക് വസ്തുനികുതി നിരക്ക് നിശ്ചയിച്ചില്ല

സ.ഉ.(അ)36/2015ത.സ്വ.ഭ.വ. തീയതി 24.02.15 പ്രകാരം 14.01.2011ലെ സ.ഉ.(അ)19/2011ത.സ്വ.ഭ.വ. ഉത്തരവ് ഭേദഗതി ചെയ്തുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.ഇത് പ്രകാരം ചുവടെ ചേർക്കുന്ന ഇനങ്ങൾക്ക് കുറഞ്ഞതും കൂടിയതുമായ നികുതി നിരക്കുകൾ നിശ്ചയിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

| ക്രമ നം. | പട്ടികയിലെ ക്രമ നം. | കെട്ടിടത്തിന്റെ ഉപയോഗക്രമം | കുറഞ്ഞ നിരക്ക് | കൂടിയ നിരക്ക് |
|---|---|---|---|---|
| 1 | 1എ | സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ | 30 | 60 |
| 2 | 4എ | വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക്ഷോപ്പ് എന്നിവ അണ്ടർടേക്കിംഗിന്റെ അടിസ്ഥാനത്തിൽ | 3 | 8 |
| 3 | 7 (iii) | മൈക്രോ സ്മോൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡവലപ്പ്മെന്റ് ആക്റ്റ്, 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 15 | 25 |
| 4 | 11 | ആയുർവ്വേദ സുഖചികിത്സാകേന്ദ്രങ്ങൾ | 150 | 160 |

എന്നാൽ നാളിതുവരെ പഞ്ചായത്ത് ഈ ഉപയോഗക്രമമുള്ള കെട്ടിടങ്ങൾക്ക് നികുതിനിരക്ക് നിശ്ചയിച്ചിട്ടില്ല.

മേൽ ഉപയോഗക്രമമുള്ള കെട്ടിടങ്ങൾക്ക് അടിയന്തിരമായി നികുതിനിരക്ക് നിശ്ചയിക്കേണ്ടതും ഗ്രാമപ്പഞ്ചായത്ത് പരിധിയ്ക്കുള്ളിൽ ഇത്തരം കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവയ്ക്ക് പുതുക്കിയ നിരക്കിലുള്ള നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 വസ്തു നികുതി പരിഷ്കരണ നടപടികൾ അപൂർണ്ണം- നികുതിദായകർക്ക് സേവനം ലഭിക്കുവാൻ കാലതാമസം ഉണ്ടാകുന്നു

വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കുന്ന മുറയ്ക്ക് നികുതിദായകർക്ക് ഓൺലൈൻ സംവിധാനത്തിലൂടെ നികുതി ഒടുക്കുവാൻ കഴിയണം എന്ന ലക്ഷ്യത്തോടെയാണ് വസ്തുനികുതി കംപ്യൂട്ടറൈസേഷൻ സംവിധാനം ആവിഷ്കരിച്ചത്. എന്നാൽ വസ്തു നികുതി പരിഷ്കരണ നടപടികൾ സംബന്ധിച്ച് ഗുരുതരമായ കൃത്യവിലോപമാണ് അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. 01-04-2013 ൽ നിലവിലുണ്ടായിരുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി പുതുക്കി നിർണ്ണയിച്ചതിന്റെ വിവരങ്ങളുടെ ഡേറ്റാ എൻട്രി സഞ്ചയ സോഫ്റ്റ് വെയറിൽ പൂർണ്ണമായിട്ടില്ല. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം | ആകെ കെട്ടിടങ്ങളുടെ എണ്ണം | വസ്തു നികുതി പുതുക്കി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണം | വസ്തു നികുതി പുതുക്കി നിർണ്ണയിക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|
| I | 771 | 770 | 1 |
| II | 510 | 509 | 1 |
| III | 549 | 548 | 1 |
| IV | 461 | 459 | 2 |
| V | 599 | 575 | 24 |
| VI | 288 | 286 | 2 |
| VII | 517 | 517 | 0 |
| VIII | 625 | 625 | 0 |
| IX | 421 | 420 | 1 |
| X | 596 | 593 | 3 |
| XI | 450 | 448 | 2 |
| XII | 627 | 626 | 1 |
| XIII | 902 | 902 | 0 |
| XIV | 655 | 654 | 1 |
| XV | 523 | 523 | 0 |
| XVI | 464 | 464 | 0 |
| XVII | 644 | 643 | 1 |
| XVIII | 627 | 626 | 1 |

നികുതി പുനർനിർണ്ണയത്തിലെ അപാകതമൂലം വസ്തുനികുതിയുടെ ഡി.സി.ബി. കൃത്യമല്ല. വസ്തു നികുതി പരിഷ്കരണ നടപടികൾ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്.

വസ്തു നികുതി പരിഷ്കരണ നടപടികളുടെ പുരോഗതി സംബന്ധിച്ച് ഭരണ തലത്തിൽ നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്യുന്നു.

## 2-5 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കാത്തത് സംബന്ധിച്ച്

ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടവറുകളിൽ നിന്ന് വസ്തുനികുതി ഈടാക്കുന്നതിന്റെ വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6 തീയതി 28-01-17) മറുപടിയായി പഞ്ചായത്തിൽ 6മൊബൈൽ ടവറുകൾ ഉള്ളതായും ആറെണ്ണത്തിനും 2011ലെ വസ്തുനികുതി ചട്ടങ്ങൾ പ്രകാരം വസ്തുനികുതി പുനർനിർണ്ണയിച്ചിട്ടുണ്ടെന്നും അറിയിച്ചു. എന്നാൽ 2013-14 മുതൽ നാളിതു വരെ പഞ്ചായത്തിലെ 6 മൊബൈൽ ടവറുകളുടെയും പുതുക്കിയ നിരക്കിലുള്ള വസ്തുനികുതി പഞ്ചായത്ത് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

.

| ക്രമ നം | ടവറിന്റെ വിവരം | കെട്ടിട നം | പ്ലിന്ത് ഏരിയ ($m^2$) | ഇളവുകൾക്കും വർദ്ധനവുകൾക്കു ശേഷം 01.04.2013 പ്രാബല്യത്തിൽ പുനർ നിർണ്ണയിച്ച നികുതി | | |
|---|---|---|---|---|---|---|
| | | | | BT | LC | Total |
| 1 | റിലയൻസ് കമ്യൂണിക്കേഷൻ ലിമിറ്റഡ് | 3/557 | 28.52 | 12834 | 642 | 13476 |
| 2 | ഇൻഡ്യൻ ടെലിക്കോം ലിമിറ്റഡ് | 5/553 | 28.45 | 14225 | 712 | 14937 |
| 3 | ഭാരതി എയർടെൽ ലിമിറ്റഡ് | 11/456 | 27.89 | 16734 | 837 | 17571 |
| 4 | ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ് | 13/926 | 15.54 | 9324 | 467 | 9791 |
| 5 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 14/626 | 29.72 | 13376 | 669 | 14045 |
| 6 | ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ് | 15/548 | 15 | 9324 | 467 | 9797 |

ഇതു പ്രകാരം വിവിധ മൊബൈൽ ടവറുകളിൽ നിന്നും ഒരു വർഷം ആകെ 79611/-രൂപ വസ്തുനികുതിയായി ലഭിക്കേണ്ടിയിരുന്നു (അടിസ്ഥാന വസ്തുനികുതിയായി ആകെ 75817/-രൂപയും ഗ്രന്ഥശാല വരിയായി 3794/-രൂപയും). 01.04.2013 മുതലുള്ള പുനർനിർണ്ണയിച്ച വസ്തുനികുതി നാളിതുവരെ ഈടാക്കിയിട്ടില്ലാത്തതിനാൽ 2013-14 മുതൽ 2015-16 വരെ ഈയിനത്തിൽ 238833/- രൂപ ഗ്രാമപ്പഞ്ചായത്തിന് ലഭിക്കുവാനുണ്ട്. നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാതിരുന്നാൽ നികുതി കാലഹരണപ്പെട്ട് വരുമാന നഷ്ടം ഉണ്ടാകാനിടയുണ്ട്. മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശികയടക്കം അടിയന്തിരമായി ഈടാക്കേണ്ടതാണ്.ക്രമ നമ്പർ 4, 6 എന്നിവയുടെ പ്ലിന്ത് ഏരിയ മറ്റുള്ളവയെ അപേക്ഷിച്ച് കുറവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയത് പരിശോധിച്ച് കൃത്യമായ പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയിക്കേണ്ടതാണ്.

## 2-6 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ അപൂർണ്ണം - വരുമാന ചോർച്ചയ്ക്ക് സാധ്യത

പഞ്ചായത്തിലെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ പൂർണവിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. തൻമൂലം കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനായി നൽകിയ പെർമിറ്റുകളുടെ കാര്യത്തിൽ കംപ്ലീഷൻ പ്ലാൻ സമർപ്പിച്ച് നികുതി പുനർനിർണ്ണയം നടത്തിയിട്ടുണ്ടോ എന്ന് ഉറപ്പ വരുത്താൻ കഴിയില്ല. ഇത് തനത് വരുമാനത്തിൽ ചോർച്ച ഉണ്ടാകാൻ ഇടയാക്കുന്നു. രജിസ്റ്ററുകളിൽ കൃത്യമായ രേഖപ്പെടുത്തൽ നടത്തുന്നുണ്ടെന്ന് മേലുദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്. പെർമിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈ ഇനത്തിലുണ്ടാകുന്ന വരുമാന നഷ്ടത്തിന് ബന്ധപ്പെട്ട സെക്ഷനും സൂപ്പർവൈസറി തസ്തികയിലെ ഉദ്യോഗസ്ഥരും ഉത്തരവാദികളായിരിക്കും.

## 2-7 തൊഴിൽ നികുതി - നിയമവും ചട്ടങ്ങളും പൂർണ്ണമായി പാലിക്കാത്തതിനാൽ വരുമാനത്തിൽ കുറവ് ഉണ്ടാകുന്നു

തനത് വരുമാനം താരതമ്യേന വളരെ കുറവുള്ള പഞ്ചായത്തിലെ മുഖ്യ വരുമാനങ്ങളിലൊന്നാണ് തൊഴിൽ നികുതി. ആയത് ഈടാക്കുന്നതിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 205(ബി) മുതൽ 205 (എഫ്) വരെ, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10, 13 എന്നിവ പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല. ആയതിനാൽ തനത് വരുമാനത്തിൽ കുറവ് ഉണ്ടാകുന്നു. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1.**റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽനികുതി ചട്ടങ്ങളനുസരിച്ച് വ്യാപാരികളിൽ നിന്നും അർദ്ധ വാർഷിക വിറ്റുവരവിനനുസരിച്ച് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. തൊഴിൽ നികുതി വിവരങ്ങൾ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ 36 റേഷൻകടകളാണുള്ളത്. എന്നാൽ 36 റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**(2)** എല്ലാ സ്വകാര്യ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് ലഭിക്കുന്നതിന് സമർപ്പിക്കുന്ന അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുന്നുണ്ട്. അപേക്ഷകളിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം പരിശോധിച്ച് ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കാത്തതിനാൽ തനത് വരുമാനത്തിൽ കുറവ് ഉണ്ടാകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്നം/കെട്ടിട നമ്പർ | സ്ഥാപന ഉടമയുടെ പേരും അഡ്രസ്സും | ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 1/91,92,93,94 | ജോൺസ് ജോർജ്ജ്, ജ്യോതി ഭവൻ,ചന്ദനപ്പള്ളി | 4 |
| 2 | X/417 | വിനോദ് ജി,ഗോകുലം ഇൻഡസ്ട്രീസ്, അങ്ങാടിക്കൽ വടക്ക് | 3 |
| 3 | VII/300 | ഓമന ജി,പുത്തൻവിളയിൽ വീട്, അങ്ങാടിക്കൽ | 2 |
| 4 | VII/457 | പി ബി മോഹനൻ, ബി എം എൻറർപ്രൈസർ, അങ്ങാടിക്കൽ, | 5 |
| 5 | VIII/442 | നീതി സ്റ്റോർ, സെക്രട്ടറി, അങ്ങാടിക്കൽ എസ് സി ബി,നം 1127, | 4 |
| 6 | VII/384A | മോഹനകുമാർ, പി ജി,പാലനിൽക്കുന്നതിൽ തെക്ക്, അങ്ങാടിക്കൽ | 5 |

| | | | |
|---|---|---|---|
| 7 | XVII/120 | ഓഫീസർ ഇൻ ചാർജ്ജ്,സപ്ലൈ കോ സൂപ്പർ മാർക്കറ്റ്, കൊട്ടമൺ | 7 |
| 8 | XVIII/42 | സെക്രട്ടറി, ചന്ദനപ്പള്ളിക്ഷീരോൽപാദക സഹകരണസംഘം ക്ളിപ്തം, ഇടത്തിട്ട | 2 |
| 9 | XVIII/4A | വി ജി യശോധരക്കുറുപ്പ്, വള്ളി അയ്യത്ത് ഹൗസ്, കൊട്ടമൺ. | 4 |
| 10 | I/201B | അവിനി വി എസ് , വയലിപ്പറമ്പിൽ, പന്നിവിഴ അടൂർ | 3 |
| 11 | 13/343A | ലതിക സുകുമാരൻ, ശാല്യ ഭവൻ, കൊട്ടമൺ പി ഒ | 5 |
| 12 | 13/360 | ഉണ്ണി ആർ, സങ്കേതം, അങ്ങാടിക്കൽ സൗത്ത് | 6 |

തനത് വരുമാനം കുറവുള്ള പഞ്ചായത്തിൽ ആയത് വർദ്ധിപ്പിക്കാനുള്ള സാധ്യതകൾ ഉപയോഗപ്പെടുത്താത്തത് അധികാരികളുടെ പ്രത്യേകിച്ച് ധനകാര്യ സ്ഥിരം സമിതിയുടെ വീഴ്ചയായി വിലയിരുത്തുന്നു.

ഒരു സ്ഥാപനത്തിലെ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെ വിവരങ്ങൾ അടങ്ങിയ ലിസ്റ്റ്,അവരുടെ ശമ്പളം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സഹിതം സമർപ്പിക്കാൻ പഞ്ചായത്തിന് ആവശ്യപ്പെടാവുന്നതാണ്. ഇതനുസരിച്ച് പഞ്ചായത്ത് പരിധിയിലുള്ള എല്ലാസ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ വിവരം ശേഖരിച്ച് നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങൾ അടങ്ങിയ അസസ്സ്മെന്റ് രജിസ്റ്റർ 1996 ലെ കേ.പ.രാ.(നികുതി ചുമത്തലും ഈടാക്കലും അപ്പീലും ) ചട്ടങ്ങൾ 5 ലെ മാതൃകയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. ഇത്തരമൊരു രജിസ്റ്റർ സൂക്ഷിക്കുന്നതിലൂടെ നികുതി പരിധിയിൽ നിന്നും ആരും ഒഴിവായിട്ടില്ല എന്നും ലഭിക്കേണ്ടിയിരുന്ന വരുമാനത്തിൽ കുറവുണ്ടാകുന്നില്ലെന്നും ഉറപ്പു വരുത്താൻകഴിയും.

**(3)** കൃത്യമായ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കാത്തതിനാൽ വരുമാന നഷ്ടം ഉണ്ടാകുന്നു

വ്യാപാരസ്ഥാപനങ്ങൾ ഡി&ഒ ലൈസൻസ് എടുക്കുന്ന സമയത്താണ് അവരിൽ നിന്നും 2 അർദ്ധവർഷങ്ങളിലെയും തൊഴിൽ നികുതി ഈടാക്കി വരുന്നത്. ഇവരിൽ നിന്നും വരുമാനം സംബന്ധിച്ച ചട്ടപ്രകാരമുള്ള റിട്ടേൺ വാങ്ങുന്നില്ല. ആയതിനാൽ ഈടാക്കിയ നികുതിയിൽ കുറവ് ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കാൻ കഴിയില്ല. തൻമൂലം വരുമാനത്തിൽ കുറവുണ്ടാകാനിടയുണ്ട്.

കേ.പ.രാ.നിയമത്തിലും, അനുബന്ധ ചട്ടങ്ങളിലും നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ പരമാവധി പാലിച്ചുകൊണ്ട് തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ അധികാരികൾ പ്രത്യേകിച്ച് ധനകാര്യ സ്ഥിരം സമിതി സ്വീകരിക്കേണ്ടതാണ്.

## 2-8 ഡി&ഒ ലൈസൻസ് എടുക്കുന്നതിൽ ചട്ട പ്രകാരമുള്ള സമയക്രമം പാലിക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിന് മുമ്പായി സമർപ്പിക്കേണ്ടതാണ്.തൻ വർഷം ലൈസൻസ് എടുത്ത 305 സ്ഥാപനങ്ങളിൽ 13 എണ്ണം മാത്രമാണ് ചട്ടപ്രകാരമുള്ള സമയത്തിനുള്ളിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. 31.03.15 ന് മുമ്പായി ലൈസൻസ് എടുത്തിട്ടുള്ളത് 13 സ്ഥാപനങ്ങൾ മാത്രമാണ്. ഇതിൽ നിന്നും നിലവിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഭൂരിപക്ഷം സ്ഥാപനങ്ങളും 01.04.2015 മുതൽ ലൈസൻസ് എടുക്കുന്നത് വരെ പഞ്ചായത്തിന്റെ അനുമതി ഇല്ലാതെയാണ് പ്രവർത്തിച്ചിരുന്നത് എന്ന് വ്യക്തമാണ്. നിയമത്തിലും ചട്ടങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ തൊട്ടടുത്ത വർഷത്തെ ലൈസൻസ് എടുക്കുന്നുണ്ടെന്നും അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നും ഉറപ്പുവരുത്തേണ്ടതാണ്.

## 2-9 കൃത്യമായ വരുമാനത്തിന്റെയടിസ്ഥാനത്തിൽ ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കാത്തതിനാൽ വരുമാനത്തിൽ കുറവുണ്ടാകുന്നു

പല സ്ഥാപനങ്ങളും ഡി &ഓ ലൈസൻസ് അപേക്ഷകളിൽ വിറ്റുവരവ് കുറവായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഒരു ദിവസത്തെ വിറ്റുവരവിന്റെ കൃത്യത പരിശോധിക്കാതെ കുറഞ്ഞ നിരക്കിലുള്ള ഫീസ് ചുമത്തിയതിനാൽ വരുമാനത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | സ്ഥാപനത്തിന്റെ വിവരം | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|
| 1 | 1/91,92,93,94 | ഹോളോ ബ്രിക്സ് നിർമാണം<br>ജോൺസ് ജോർജ്ജ്, ജ്യോതി ഭവൻ,ചന്ദനപ്പള്ളി | 300 |
| 2 | 1/60,1 B | ഹോളോ ബ്രിക്സ് നിർമാണം<br>ഡെയ്സി ഡൊമിനിക്ക്, ചക്കിട്ടടത്ത് ചന്ദനപ്പള്ളി. | 200 |
| 3 | X/417 | ഹോളോ ബ്രിക്സ് നിർമാണം<br>വിനോദ് ജി, ഗോകുലം ഇൻഡസ്ട്രീസ് അങ്ങാടിക്കൽ വടക്ക് | 200 |
| 4 | VII/300 | ഹോളോ ബ്രിക്സ് നിർമാണം<br>ഓമന ജി, പുത്തൻവിളയിൽ വീട്, അങ്ങാടിക്കൽ തെക്ക് | 100 |
| 5 | VIII/476A | കശുവണ്ടി ഫാക്ടറി<br>രാജൻ ഏബ്രഹാം, വിശ്വാസ്,നെടുമ്പന കൊല്ലം. | 2000 |
| 6 | VII/457 | കശുവണ്ടി ഫാക്ടറി<br>പി ബി മോഹനൻ,ബി എം എൻറർപ്രൈസസ്,അങ്ങാടിക്കൽ, | 2000 |
| 7 | VII/384A | ഹോളോ ബ്രിക്സ് നിർമാണം<br>മോഹനകുമാർ പി ജി,പാല നിൽക്കുന്നതിൽ തെക്ക്,അങ്ങാടിക്കൽ തെക്ക് | 200 |
| 8 | XIII/57 G | സൂപ്പർ മാർക്കറ്റ്, | 100 |

| | | | |
|---|---|---|---|
| | | ശ്യാമള രാധാകൃഷ്ണൻ, കൃഷ്ണകൃപ, പാറയിൽ പുത്തൻ വീട്, കൊട്ടമൺ<br>സിമന്റ് പെയിന്റ് വ്യാപാരം | |
| 9 | IV/51 | രാജൻ ഡി, ഉടയൻ മുറ്റത്ത് പടിഞ്ഞറ്റേതിൽ,അങ്ങാടിക്കൽ വടക്ക്<br>ഇലക്ട്രോണിക്സ്, ഫർണിച്ചർ വ്യാപാരം | 100 |
| 10 | IV/51 | ബിജു കെ, രാധിക ഭവൻ,കൊട്ടമൺ | 100 |

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 7-ൽ ഏതൊരു ലൈസൻസിനും II- ാം പട്ടികയിൽ വിവരിക്കുന്ന നിരക്കുകളിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണെന്ന് പറഞ്ഞിട്ടുണ്ട്. പട്ടിക II-ൽ ദിവസേനയുള്ള ശരാശരി വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ചുമത്താവുന്ന ഫീസ് പറഞ്ഞിട്ടുണ്ട്. ഇതു പ്രകാരം ഒരു വർഷം 4000 രൂപ വരെ ഇവരിൽ നിന്നും ഈടാക്കാമെന്നിരിക്കെ കുറഞ്ഞ നിരക്കിൽ ഫീസ് ഈടാക്കിയതിനാൽ ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-10 ആവശ്യമായ രേഖകൾ ഹാജരാക്കാതെ ഡി&ഓ ലൈസൻസ് നൽകി

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 12-ൽ ഉൾപ്പെട്ട ഏതൊരു സ്ഥാപനത്തിനും ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം താഴെപ്പറയുന്ന സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ്.

1. മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ്

2. അഗ്നിശമന സേനാവകുപ്പിൽ നിന്നും ഉള്ള ക്ളിയറൻസ് സർട്ടിഫിക്കറ്റ്.

എന്നാൽ അഞ്ചാം വാർഡിൽ, ലീബാ രാജൻ, ലീനാ ഭവൻ, പുലമൺ, കൊല്ലം എന്ന വ്യക്തിക്ക്, കെട്ടിട നം 46C യിൽ ഗ്യാസ് ഗോഡൗൺ നടത്തുന്നതിന് മേൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാതെ ഓഡിറ്റ് വർഷം ലൈസൻസ് നൽകിയിട്ടുണ്ട്. ടിയാളിൽ നിന്നും മേൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുവാൻ ആവശ്യപ്പെടേണ്ടതും ആയത് ലഭ്യമാകാത്ത പക്ഷം ലൈസൻസ് റദ്ദ് ചെയ്ത് തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-11 റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എക്കണോമിക്സ്&സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.ecostat.kerala.gov.in-ലെ വിവരം അനുസരിച്ച് പഞ്ചായത്ത് പരിധിയിൽ 36 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഒന്നും തന്നെ ലൈസൻസ് എടുക്കുന്നില്ല. ടി റേഷൻ കടങ്ങളിൽ നിന്നും ഡി&ഒ ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-12 പരസ്യ നികുതി പിരിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209, ഉപവകുപ്പുകൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് പ്രദർശിപ്പിക്കുന്ന പരസ്യങ്ങളിൻമേൽ ഗ്രാമപഞ്ചായത്തിനു നികുതി പിരിക്കാവുന്നതും ഇതിനുള്ള അവകാശം ലേലം ചെയ്തു നൽകാവുന്നതുമാണ്. പഞ്ചായത്ത് ഡയറക്ടറുടെ 18.05.2005 ലെ സി-5-15253/04 ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാതൃകാ ബൈലോയുടെ അടിസ്ഥാനത്തിൽ ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങി പരസ്യ നികുതി പിരിച്ച് തനതു വരുമാനത്തിലേക്ക് മുതൽ കൂട്ടുന്നതിനു ഗ്രാമപഞ്ചായത്ത് യാതൊരു വിധ നടപടികളും സ്വീകരിച്ചിട്ടില്ല. കൈപ്പട്ടൂർ-ഏഴംകുളം പാതയുടെ ഇരു വശത്തുമായി ഏകദേശം 10 കിലോ മീറ്റർ പ്രദേശം ഈ പഞ്ചായത്തിന്റെ ഭാഗമാണ്. ഇവിടെ ധാരാളം പരസ്യബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. ചന്ദനപ്പള്ളി, ഇടത്തിട്ട,കൊട്ടമൺ, അങ്ങാടിക്കൽ എന്നിവിടങ്ങളിലും പഞ്ചായത്തിലെ വിവിധ റോഡരികിലും പരസ്യ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഓരോ വർഷവും ശബരിമല തീർത്ഥാടന കാലയളവിൽ വളരെയധികം പരസ്യബോർഡുകൾ പ്രദർശിപ്പിക്കുന്നുമുണ്ട്. ഈ ബോർഡുകളിൽ നിന്നും നല്ലൊരു വരുമാനം ലഭിക്കുവാനുള്ള സാധ്യത പഞ്ചായത്ത് പ്രയോജനപ്പെടുത്തുന്നില്ല.

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 21.02.2013 ലെ WP(C) നമ്പർ 27011/2012 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ 25.10.2013 ൽ പുറപ്പെടുവിച്ച എൽ.എസ് .ജി (ആർ.സി) വകുപ്പിന്റെ 71806/RC2/2012/LSGD നമ്പർ സർക്കുലർ പ്രകാരം ഗതാഗത തടസ്സമുണ്ടാക്കുന്ന രീതിയിൽ റോഡുകൾ, റോഡരികുകൾ എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾ, ഹോർഡിംഗുകൾ, കമാനങ്ങൾ എന്നിവ നീക്കം ചെയ്യണമെന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിച്ചിട്ടുണ്ട്. സുഗമമായ ഗതാഗതത്തിന് വിഘ്നം സൃഷ്ടിക്കുന്ന തരത്തിൽ വാഹന യാത്രക്കാരുടെയും കാൽനട യാത്രക്കാരുടെയും കാഴ്ച തടസ്സപ്പെടുത്തിക്കൊണ്ടും അപകടകാരണമായേക്കാവുന്ന രീതിയിലും ട്രാഫിക് ഐലന്റ്, മീഡിയൻ,ഫുട് പാത്ത് തുടങ്ങി ഏതിടങ്ങളിലും സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾ സ്വമേധയാ ഗ്രാമ പഞ്ചായത്തിനു നീക്കം ചെയ്യാവുന്നതാണെന്നു സർക്കുലർ നിർദ്ദേശിക്കുന്നു. നിയതമായ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന ബൈലോ ഉപയോഗിച്ചുള്ള പരസ്യ നികുതി പിരിവിലൂടെ പഞ്ചായത്തിനു തനതു വരുമാനം വർദ്ധിപ്പിക്കാവുന്നതും ഹൈക്കോടതിയുടെയും സർക്കാരിന്റെയും നിർദ്ദേശങ്ങൾ പാലിച്ച് സുഗമമായ യാത്രാ സൗകര്യം ഉറപ്പാക്കിക്കൊണ്ട് അനധികൃത പരസ്യങ്ങൾ ഒഴിവാക്കാവുന്നതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സമ്പൂർണ്ണ ഇ-സാക്ഷരത പദ്ധതിയിൽ ഗുരുതര വീഴ്ച

| | |
|---|---|
| പ്രോജക്റ്റ് നം | 35/2015-16 |
| വകയിരുത്തിയ തുക | വികസന ഫണ്ട്-200000<br>തനതു ഫണ്ട്-100000<br>മറ്റുള്ളവ-300000<br>ആകെ- 600000 |
| ചെലവഴിച്ച തുക | വികസന ഫണ്ട്-143132<br>(ബിൽ നം:29/15-16;31.03.2016) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി,ഗ്രാമപഞ്ചായത്ത്. |

P.N പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്രയുടെ സാമ്പത്തിക സഹായത്തോടെ ഗ്രാമപഞ്ചായത്തിലെ 12000 മുതൽ 15000 വരെ കമ്പ്യൂട്ടർ പരിജ്ഞാനമില്ലാത്ത ഗുണഭോക്താക്കളെ പരിശീലിപ്പിക്കുന്നതിനുള്ള പദ്ധതിയായിരുന്നു സമ്പൂർണ്ണ ഇ-സാക്ഷരതാ യജ്ഞം. പദ്ധതിയുടെ ആകെ ചെലവ് 6 ലക്ഷമായി വകയിരുത്തിയിരുന്നു.ഇതിൽ 3 ലക്ഷം രൂപ P.N പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്രത്തിൽ നിന്നും ലഭ്യമാക്കേണ്ടിയിരുന്നു.എന്നാൽ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ നിന്നും വികസനഫണ്ടിൽ നിന്നും തുക ചെലവഴിച്ച് 19 ടാബ് ലെറ്റുകൾ വാങ്ങുക മാത്രമാണുണ്ടായത്.

P.N പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്രയുടെ 15.02.2016 ലെ കത്ത് പ്രകാരം (PNPVVK/Tel/2015-16) Asus Zenpad 7 എന്നയിനം ടാബ് ലെറ്റ് KELTRON ൽ നിന്നും വാങ്ങണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തു കമ്മിറ്റിയുടെ 22.03.2016 ലെ IV(3) തീരുമാനപ്രകാരം DGS&D നിരക്കിൽ Micromax-P78-220 എന്നയിനം ടാബ് ലെറ്റ് വാങ്ങാൻ തീരുമാനിച്ചിരുന്നു. തുടർന്ന് Dreams Infotech, കരുനാഗപ്പള്ളി എന്ന സ്ഥാപനത്തിൽ നിന്നും 19 ടാബ് ലെറ്റുകൾ വാങ്ങി.

| ഇനം | എണ്ണം | നിരക്ക് | നികുതി (5%) | ആകെ തുക | DD No/ തീയതി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| Micromax P7 Series | 19 | 7174.53 | 6815.8 | 143132 | 422750/ 13.04.2016 |

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ്ഥാപനം ലഭ്യമാക്കിയത് ഇതിലും വില കുറഞ്ഞ Model ആയ Micromax-P70-221 എന്നയിനം ടാബ് ലെറ്റ് ആണ്.നേരിട്ടു നടത്തിയ പരിശോധനയിൽ ഓഡിറ്റിന് അതു ബോദ്ധ്യപ്പെട്ടിട്ടുണ്ട്.ഇതിന് DGS&D നിരക്ക് എന്നത് ₹5591.52 ആണ്.ഇതു അംഗീകരിക്കാനാവില്ല.അധികം നൽകിയ തുക ₹ 31581രൂപ സ്ഥാപനത്തിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്.(143132-111551=31581,നികുതികൾ ഉൾപ്പെടെ).**₹ 31581**രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു**.**

ടാബ് ലെറ്റുകൾ സ്റ്റോക്കിലെടുത്തതിന്റെയും ആർക്ക് വിതരണം ചെയ്തു എന്നതിന്റെയും സ്റ്റോക്ക്-ഇഷ്യൂ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഒരെണ്ണം ആർക്കും വിതരണം നടത്തിയിട്ടില്ല എന്നു ബോദ്ധ്യപ്പെട്ടു.18 വാർഡുകളിൽ നിന്നും തെരഞ്ഞെടുത്ത പരിശീലകർക്കാണ് ഇവ വിതരണം ചെയ്തിട്ടുള്ളത്.

2.DGS & D ഉത്തരവു പ്രകാരം (No.TAB-COMP/IT-1/RC-71020000/1215/81/F0856/

4663;06.11.2015) 11-20 എന്ന എണ്ണം Slab ൽ ടാബ് ലെറ്റുകൾ വാങ്ങിയാൽ 2 % ഡിസ്കൗണ്ട് ലഭിക്കേണ്ടതായുണ്ട്. എന്നാൽ അത്തരമൊരു ഡിസ്കൗണ്ട് ലഭ്യമാക്കിയിട്ടില്ല.

3.P.N പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്രയുടെ ധനസഹായമായി 1ലക്ഷം രൂപ 2015-16 ൽ ഗ്രാമപഞ്ചായത്തിനു ലഭിച്ചിട്ടുണ്ട്.എന്നാൽ ഇതിൽ നിന്ന് യാതൊരു ചെലവും ഉണ്ടായിട്ടില്ല. സർവ്വെ നടത്തി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടില്ല..സർവ്വെ റിപ്പോർട്ടുകൾ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല.പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് കോർഡിനേറ്റർക്കു നൽകേണ്ട പ്രതിമാസ വേതനം നൽകിയിട്ടില്ല.പരിശീലകർക്കു അലവൻസുകൾ നൽകിയിട്ടില്ല. എത്ര ഗുണഭോക്താക്കൾക്കു പരിശീലനം നൽകിയിട്ടുണ്ടെന്നും പരീക്ഷ നടത്തി P.N പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്രയുടെ Certificate എത്ര പേർക്കു നൽകിയിട്ടുണ്ടെന്നതിനും യാതൊരു രേഖകളുമില്ല.വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കു (നം.19.30.01.2017) മറുപടിയായി 30 പഠിതാക്കൾക്ക് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെന്നു മറുപടി നൽകിയിട്ടുണ്ട്.എന്നാൽ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളോ രജിസ്ട്രേഷൻ രേഖകളോ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. ഇതിൽ നിന്നെല്ലാം 19 ടാബ് ലെറ്റുകൾ വാങ്ങി വിതരണം നടത്തുക മാത്രമാണ് ഈ പദ്ധതിയിൽ ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാണ്.നിർവ്വഹണത്തിലെ പാളിച്ച മൂലം പദ്ധതി പരാജയപ്പെട്ടു. ഇക്കാരണത്താൽ നിരാകരിച്ച തുകയ്ക്കു ശേഷം വരുന്ന തുക **₹111551**ഓഡിറ്റിൽ **((143132-131581)** തടസ്സപ്പെടുത്തുന്നു**.**പദ്ധതി ഉപേക്ഷിക്കുന്ന പക്ഷമോ തുടർ പ്രവർത്തനങ്ങളോ ചെലവുകളോ നടക്കാത്തപക്ഷമോ ടാബ് ലെറ്റുകൾ ഗ്രാമപഞ്ചായത്തിൽ തിരികെ വാങ്ങേണ്ടതാണ്.

## 3-2 1:2:4 റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകിയതു മൂലം ഗ്രാമപഞ്ചായത്തിന് ₹301387 രൂപയുടെ നഷ്ടം സംഭവിച്ചു

2015-16 ൽ കൊടുമൺ ഗ്രാമ പഞ്ചായത്തിൽ Public Works(H) Department ന്റെ 17.04.2013 ലെ G.O(P) No.36/2013/PWD ഉത്തരവു പ്രകാരം CPWD Data (Central Public Works Department,Delhi Schedule Rate) പ്രാബല്യത്തിലാക്കിയിരുന്നു.ഇതു പ്രകാരമാണ് അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കുകയും കൺവീനർമ്മാർക്ക് ഫൈനൽ ബിൽ തുക നൽകുകയും ചെയ്തിട്ടുള്ളത്.CPWD,Analysis of rates-2014,Volume-1 പ്രകാരം 1:2:4 റോഡ് കോൺക്രീറ്റിംഗിന് (DSR Code:4.1.3) Base rate എന്നത് 4753.29/- രൂപയാണ്.PWD,ചീഫ് എഞ്ചിനീയറുടെ 15.12.2014 ലെ CD/Admin/PLA/1014/2005 സർക്കുലർ പ്രകാരം പത്തനംതിട്ട ജില്ലയ്ക്കു 01.04.2014 മുതൽ ബാധകമായ Cost Index 40.95% ആണ്.ഇതു പ്രകാരം 1:2:4 കോണ്ക്രീറ്റിംഗിന് നൽകാവുന്ന നിരക്ക് 6699.76/m3 ആണ്. (4753.29x1.4095=6699.76). എന്നാൽ ഫയലുകൾ പരിശോധിച്ചതിൽ 1:2:4 റോഡ് കോൺക്രീറ്റിംഗിനു പകരം തറ നിരപ്പാക്കലിനു (Flooring,DSR Code:11.7) നൽകേണ്ട നിരക്കാണ് നൽകിയിരിക്കുന്നത്.അതായത് എം ക്യൂബിന് 7058.78 രൂപ നിരക്കിലാണ് ഫൈനൽ ബിൽ തയ്യാറാക്കി തുക നൽകിയിരിക്കുന്നത് ഇത് അംഗീകരിക്കാനാവില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**For 1:2:4 Concreting (DSR Code:4.1.3)**

**Details of cost for 1 cum**

1:2:4 (1 Cement:2 Course sand:4 graded stone aggregate 20mm nominal size)

| Code No | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| 0295 | Stone aggregate (Single size)-20mm nominal size | Cum | 0.670 | 1175 | 787.25 |
| 0297 | Stone aggregate (Single size)-10mm nominal size | Cum | 0.220 | 1175 | 258.50 |
| 2202 | Carriage of Stone aggregate below 40mm nominal size | Cum | 0.890 | 106.49 | 94.78 |
| 0982 | Coarse sand(Zone III) | Cum | 0.445 | 1200 | 534 |
| 2203 | Carriage of Coarse sand | Cum | 0.445 | 106.49 | 47.39 |
| 0367 | Portland Cement(0.2225 cum) | Tonne | 0.320 | 6300 | 2016 |
| 2209 | Carriage of Cement | Tonne | 0.320 | 94.65 | 30.29 |
| **Labour** | | | | | |
| 0155 | Mason(Average) | Day | 0.100 | 417 | 41.70 |
| 0114 | Beldar | Day | 1.630 | 329 | 536.27 |
| 0101 | Bhisti | Day | 0.700 | 363 | 254.10 |
| 0002 | Hire Charge of concrete mixer 0.25 to 0.40 cum with Hopper | Day | 0.070 | 800 | 56.00 |
| 0012 | Vibrator(needle type 40mm) | Day | 0.070 | 350 | 24.50 |
| 9999 | Sundries | LS | 14.30 | 1.78 | 25.45 |
| | | | | Total | 4706.23 |
| Add water charge 1% | | | | | 47.06 |
| Sub Total | | | | | 4753.29 |

| | |
|---|---|
| Cost Index for Pathanamthitta,40.95% | 1946.47 |
| **Total** | **6699.76** |

**For Flooring:(DSR Code:11.7)**

**Details of cost for one m3**

Cement Concrete pavement with 1:2:4 (1 Cement:2 Course sand:4 graded stone aggregate 20mm nominal size) including finishing complete

| Code No | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| 4.1.3 | Rate as per item 4.1.3 of DSR ,concrete work | M3 | 1 | 4753.29/m3 | 4753.29 |
| Labour:Extra labour for laying in floors etc | | | | | |
| 0124 | Mason(brick layer) 2nd class | Day | 0.350 | 399.00 | 139.65 |
| 0114 | Bheldar | day | 0.180 | 329.00 | 59.22 |
| 0101 | Bhisti | day | 0.050 | 363.00 | 18.15 |
| 9999 | Sundries | LS | 19.760 | 1.78 | 35.17 |
| Sub Total | | | | | 5005.48 |
| Add 1% water charge except for 4.1.3 (252.19x1%) | | | | | 2.52 |
| Total | | | | | 5008 |
| Cost Index for Pathanamthitta,40.95% | | | | | 2050.78 |
| **Total** | | | | | **7058.78** |

ഇത്തരത്തിൽ അധിക നിരക്ക് നൽകിയത് എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറുടേയും Technical Sanction നൽകിയ Parakkodu Block Division ,Assistant Executive Engineer ടേയും ഭാഗത്തു നിന്നുണ്ടായ പിഴവാണ്.

ഇത്തരത്തിൽ അധിക നിരക്ക് നൽകിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം. | പ്രവൃത്തിയുടെ പേര് | എം. ബുക്ക് നം. | 1:2:4 അനുപാതത്തിലുള്ള കോൺക്രീറ്റിംഗിന്റെ അളവ് | നൽകിയ തുക (@7058.78/M3) | അർഹമായ തുക (@6699.76/M3) | അധികം നൽകിയ തുക | ഫൈനൽ ബിൽ തുക |
|---|---|---|---|---|---|---|---|---|
| 1. | 132 | വിളയിൽകട-കിഴക്കേ ചരുവിൽ കോളനി റോഡ് കോൺക്രീറ്റിംഗ് | 25 | 13.173 | 92985.31 | 88255.94 | 4729.37 | 199561 |
| 2. | 123 | നെല്ലിക്കുന്നേൽ -തെറ്റിമുരുപ്പേൽ റോഡ് കോൺക്രീറ്റിംഗ് | 17 | 26.35 | 185999 | 176538.68 | 9460.18 | 398979, 19/15-16; 30.12.2015 |
| 3. | 122 | കണങ്ങരുത്ത്പടി-തെറ്റിമുരുപ്പേൽ റോഡ് കോൺക്രീറ്റിംഗ് | 18 | 13.275 | 93705 | 88939.31 | 4765.99 | 200000, 18/15-6; 30.12.2015 |
| 4. | 145 | മാവിളപ്പടി-ചാമക്കാലപ്പടി റോഡ് കോൺക്രീറ്റിംഗ് | 22 | 26.178 | 184785 | 175386.32 | 9398.43 | 275000, 15/15-16; 30.12.2015 |
| 5. | 117 | കൊടുമൺചിറ-കുളത്തിനാൽ വടക്കേക്കര റോഡ് കോൺക്രീറ്റിംഗ് | 13 | 31.95 | 225528 | 214057.33 | 11470.69 | 484003, 14/15-16; 28.12.2015 |
| 6. | 50 | പെരുമലപ്പടി-പള്ളിയെമ്പിൽപ്പടി റോഡ് കോൺക്രീറ്റിംഗ് റോഡ് കോൺക്രീറ്റിംഗ് | 14 | 31.695 | 223728 | 212348.89 | 11379.14 | 480000, 13/15-16; 28.12.2015 |
| 7. | 205 | പുത്തൻകാവിൽ അങ്കണവാടി റോഡ് കോൺക്രീറ്റിംഗ് | 4 | 24.78 | 174917 | 166020.05 | 8896.52 | 375000, 8/2015-16; 15.09.2015 |
| 8. | 56 | വിജയ ഹരിജൻ കോളനി-കുറ്റിയിൽപ്പടി റോഡ് കോൺക്രീറ്റിംഗ് | 175 | 8.85 | 62470 | 59292.88 | 3177.33 | 167991, 40/2015-16; 29.02.2016 |
| 9. | 59 | പടനിലത്തുപടി-മാത്തൻവിളപ്പടി റോഡ് കോൺക്രീറ്റിംഗ് | 186 | 26.35 | 185999 | 176538.68 | 9460.18 | 398979, 37/2015-16; 29.02.2016 |
| 10. | 103 | ചക്കിമുക്ക്-വിളയിൽ റോഡ് കോൺക്രീറ്റിംഗ് | 163 | 26.35 | 185999 | 176538.68 | 9460.18 | 398978, 36/2015-16; 29.02.2016 |
| 11. | 102 | ഫാക്ടറിപ്പടി-കോട്ടയ്ക്കകത്ത് റോഡ് കോൺക്രീറ്റിംഗ് | 166 | 9.9 | 69882 | 66327.62 | 3554.3 | 149973, 35/2015-16; 29.02.2016 |
| 12. | 114 | വയണംകരോട്ടു കോളനി-കല്ലുപുറത്ത് റോഡ് കോൺക്രീറ്റിംഗ് | 173 | 2.6 | 18353 | 17419.38 | 933.45 | 49354, 34/2015-16; 29.02.2016 |
| 13. | 104 | ഗുരുമന്ദിരം -കണ്ടൻചിറ റോഡ് കോൺക്രീറ്റിംഗ് | 165 | 23.1 | 163058 | 154764.46 | 8293.36 | 250000, |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | 33/2015-16; 29.02.2016, 99658 (Ch No:5544841/18.03.2016) |
| 14. | 57 | ഉടയൻകാവ് - പാറേത്ത് പടി റോഡ് കോൺക്രീറ്റിംഗ് | 189 | 26.35 | 185999 | 176538.68 | 9460.18 | 398979, 32/2015-16; 29.02.2016 |
| 15. | 180 | കോശിയത്ത്പടി-മുണ്ടനാമണ്ണിൽ കോളനി റോഡ് കോൺക്രീറ്റിംഗ് | 198 | 26.444 | 186662 | 177168.45 | 9493.92 | 400000, 31/2015-16; 29.02.2016 |
| 16. | 184 | കാക്കിനാട്ടുപടി-മഴവഞ്ചേരി ഏലാ റോഡ് കോൺക്രീറ്റിംഗ് റോഡ് കോൺക്രീറ്റിംഗ് | 15 | 5.4 | 38117 | 36178.7 | 1938.71 | 81176 |
| 17. | 109 | പാറയിരിക്കുന്നതിൽപ്പടി-മെത്തംകുളത്തുപടി റോഡ് കോൺക്രീറ്റിംഗ് | 167 | 24.978 | 176314 | 167346.61 | 8967.6 | 378398, 27/15-16; 18.02.2016 |
| 18. | 139 | തട്ടശ്ശേരിപ്പടി-മൂലയിൽ റോഡ് കോൺക്രീറ്റിംഗ് | 28 | 6.61 | 46659 | 44285.41 | 2373.12 | 99999, 23/15-16; 30.12.2015 |
| 19. | 154 | മോളേത്തുപടി-പന്നിക്കുഴി റോഡ് കോൺക്രീറ്റിംഗ് | 21 | 6.607 | 46637 | 44265.31 | 2372.05 | 99999, 22/15-16; 30.12.2015 |
| 20. | 129 | കല്ലുവിളപ്പടി-മാങ്കുട്ടത്തിൽ റോഡ് കോൺക്രീറ്റിംഗ് | 19 | 13.184 | 93063 | 88329.64 | 4733.32 | 199729, 21/15-16; 30.12.2015 |
| 21. | 190 | കാവിൽപ്പടി-മഞ്ഞപ്പന്ന കോളനി റോഡ് കോൺക്രീറ്റിംഗ് | 203 | 6.6 | 46588 | 44218.42 | 2369.53 | 49383, 57/2015-16; 26.03.2016 |
| 22. | 108 | കാവിൽപ്പടി-പീടികമുരുപ്പേൽ റോഡ് കോൺക്രീറ്റിംഗ് | 170 | 7.40 | 52235 | 49578.22 | 2656.75 | 112292, 56/2015-16; 26.03.2016 |
| 23. | 106 | തറയിൽപ്പടി-മോളേത്തുപടി റോഡ് കോൺക്രീറ്റിംഗ് | 188 | 9.9 | 69882 | 66327.62 | 3554.3 | 149973, 55/2015-16; 26.03.2016 |
| 24. | 111 | വിളയിൽ ചരുവിൽപ്പടി-റേഷൻകടപ്പടി റോഡ് കോൺക്രീറ്റിംഗ് | 195 | 13.3 | 93882 | 89106.81 | 4774.97 | 200000, 54/2015-16; 26.03.2016 |
| 25. | 152 | തുണ്ടിയിൽപ്പടി-അങ്കണവാടി റോഡ് കോൺക്രീറ്റിംഗ് | 180 | 6.64 | 46870 | 44486.41 | 2383.89 | 99999, 53/2015-16; 26.03.2016 |
| 26. | 138 | കടയ്ക്കവിള-ചെറുകര റോഡ് കോൺക്രീറ്റിംഗ് | 164 | 9.9 | 69882 | 66327.62 | 3554.3 | 149973, 52/2015-16; 26.03.2016 |
| 27. | 54 | വാത്യോട്ടപ്പടി-ശിവക്ഷേത്രം റോഡ് കോൺക്രീറ്റിംഗ് | 169 | 13.28 | 93741 | 88972.81 | 4767.79 | 200000, 50/2015-16; 18.03.2016 |
| 28. | 53 | വാക്കയിൽപ്പടി-പുളിനിൽക്കുന്നതിൽപ്പടി റോഡ് കോൺക്രീറ്റിംഗ് | 171 | 19.79 | 139693 | 132588.25 | 7105.01 | 299871, 49/2015-16; 18.03.2016 |
| 29. | 113 | കുഴിമണ്ണിൽപ്പടി-പ്ളാവേലിൽപ്പടി റോഡ് കോൺക്രീറ്റിംഗ് | 172 | 23.136 | 163312 | 155005.65 | 8306.29 | 350000, 47/2015-16; 18.03.2016 |
| 30. | 116 | കുളത്തിനാൽ–കിഴക്കേമണ്ണിൽപ്പടി റോഡ് കോൺക്രീറ്റിംഗ് | 177 | 9.853 | 69550 | 66012.74 | 3537.42 | 149270, 46/2015-16; 29.02.2016 |
| 31. | 51 | മഠത്തിൽപ്പടി-കുഴിവിളപ്പടി റോഡ് കോൺക്രീറ്റിംഗ് | 178 | 14.18 | 100094 | 95002.6 | 5090.9 | 214772, 45/2015-16; 29.02.2016 |
| 32. | 55 | ആത്രപ്പള്ളിപ്പടി-തട്ടാരുവിള- | 179 | 26.35 | 185999 | 176538.68 | 9460.18 | 398979, 41/2015-16; |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | സിയോൺകുന്ന് റോഡ് കോൺക്രീറ്റിംഗ് | | | | | | 29.02.2016 |
| 33. | 136 | ഐക്കരേത്ത്-മുല്ലോട്ട് കോളനി റോഡ് കോൺക്രീറ്റിംഗ് | 174 | 24.262 | 171260 | 162549.58 | 8710.54 | 377902, 73/2015-16; 26.03.2016 |
| 34. | 191 | ഐക്കാട് -മണലിൽപ്പടി റോഡ് കോൺക്രീറ്റിംഗ് | 194 | 9 | 63529 | 60297.84 | 3231.18 | 69999, 72/2015-16; 26.03.2016 |
| 35. | 144 | AKG കോളനി-മലനട അമ്പലം റോഡ് കോൺക്രീറ്റിംഗ് | 207 | 9.56 | 67482 | 64049.71 | 3432.23 | 144841, 71/2015-16; 26.03.2016 |
| 36. | 185 | വഞ്ചിപ്പടി-തെങ്ങിനാൽ റോഡ് കോൺക്രീറ്റിംഗ് | 237 | 6.637 | 46849 | 44466.31 | 2382.82 | 2194, 81/2015-16; 30.03.2016 97806 (Ch No:5544852/28.03.16) |
| 37. | 134 | മുകളിൽപ്പടി-ചന്ദ്രവിലാസംപടി റോഡ് കോൺക്രീറ്റിംഗ് | 201 | 6.64 | 46870 | 44486.41 | 2383.89 | 99999, 80/2015-16; 30.03.2016 |
| 38. | 112 | ഇടവുംമൂട്-പുത്തൻവീട്ടിൽപ്പടി റോഡ് കോൺക്രീറ്റിംഗ് | 200 | 19.005 | 134152 | 127328.94 | 6823.18 | 287902, 79/2015-16; 30.03.2016 |
| 39. | 120 | വാട്ടർടാങ്ക്-ഇല്ലംപ്ളാങ്കുഴി-നിരപ്പിൽ റോഡ് കോൺക്രീറ്റിംഗ് | 190 | 12.846 | 90677 | 86065.12 | 4611.97 | 243843, 77/2015-16; 30.03.2016 |
| 40. | 198 | പ്ളാമൂട്-മണിമലമുക്ക് റോഡ് കോൺക്രീറ്റിംഗ് | 193 | 13.28 | 93741 | 88972.81 | 4767.79 | 95000, 76/2015-16; 30.03.2016 105000 (Ch No.5544851/26.03.16) |
| 41. | 126 | മേച്ചിറ-കനാൽ റോഡ് കോൺക്രീറ്റിംഗ് | 236 | 6.686 | 47195 | 44794.6 | 2400.41 | 125925, 75/2015-16; 30.03.2016 |
| 42. | 181 | കൊറ്റംകുന്നിൽ പെരിങ്ങോല റോഡ് കോൺക്രീറ്റിംഗ് | 187 | 6.54 | 46164 | 43816.43 | 2347.99 | 99102, 74/2015-16; 30.03.2016 |
| 43. | 137 | ചേരുവ കരുവേലിക്കുറ്റി റോഡ് കോൺക്രീറ്റിംഗ് | 27 | 13.274 | 93698 | 88932.61 | 4765.63 | 200000, 16/15-16; 30.12.2015 |
| 44. | 141 | വാഴവിള-മൂലയിൽകിഴക്ക് തട്ടാശ്ശേരി റോഡ് കോൺക്രീറ്റിംഗ് | 29 | 13.28 | 93741 | 88972.81 | 4767.79 | 200000 17/2015-16; 30.12.2015 |
| 45. | 188 | മൂഗാച്ചുപത്രി-തെറ്റിമുരുപ്പേൽ റോഡ് കോൺക്രീറ്റിംഗ് | 16 | 8.21 | 57953 | 55005.03 | 2947.55 | 124392, 66/2015-16; 26.03.2016 |
| 46. | 119 | രണ്ടാംകുറ്റി-കാരാവള്ളി റോഡ് കോൺക്രീറ്റിംഗ് | 161 | 6.64 | 46870 | 44486.41 | 2383.89 | 99999, 65/2015-16; 26.03.2016 |
| 47. | 115 | കൊട്ടുമൺചിറ-മഠത്തിനാശ്ശേരി റോഡ് കോൺക്രീറ്റിംഗ് | 176 | 13.275 | 93705 | 88939.31 | 4765.99 | 200000, 63/2015-16; 26.03.2016 |
| 48. | 153 | സെമിത്തേരിപ്പടി-മട്ടക്കാ ഏലാ റോഡ് കോൺക്രീറ്റിംഗ് | 162 | 9.9 | 69882 | 66327.62 | 3554.3 | 149973, 62/2015-16; 26.03.2016 |
| 49. | 189 | പുലിപ്ര കിഴക്കേതിൽ കോയിക്കൽപ്പടി | 239 | 2.4 | 16941 | 16079.42 | 861.65 | 45557, 61/2015-16; 26.03.2016 |
| 50. | 140 | വള്ളവയൽ -പുല്ലാംപറമ്പിൽ–നാൽക്കാലിൽ റോഡ് കോൺക്രീറ്റിംഗ് | 238 | 13.28 | 93741 | 88972.81 | 4767.79 | 200000, 70/2015-16; 26.03.2016 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 51. | 135 | ഗാന്ധി സ്മാരക കോളനി-ചരുവിളപ്പടി റോഡ് കോൺക്രീറ്റിംഗ് | 208 | 16.717 | 118002 | 111999.89 | 6001.74 | 253246, 69/2015-16; 26.03.2016 |
| 52. | 196 | കരുവിലാക്കോട്-മാവിളപ്പടി റോഡ് കോൺക്രീറ്റിംഗ് | 209 | 6.637 | 46849 | 44466.31 | 2382.82 | 99999, 68/2015-16; 26.03.2016 |
| 53. | 130 | പള്ളത്തയ്യത്ത്-പൊഴിക്കരോട്ട് റോഡ് കോൺക്രീറ്റിംഗ് | 20 | 13.218 | 93303 | 88557.43 | 4745.53 | 200000, 67/2015-16; 26.03.2016 |
| 54. | 183 | കോന്നക്കോട് SNV പബ്ളിക് സ്കൂൾ റോഡ് കോൺക്രീറ്റിംഗ് | 168 | 6.635 | 46835 | 44452.91 | 2382.1 | 100000, Ch No; 5544853 30.03.2016 |
| 55. | 105 | കോയിക്കലേത്ത് മുരുപ്പ്-നാലുസെന്റ് കോളനി റോഡ് കോൺക്രീറ്റിംഗ് | 240 | 11.08 | 78211 | 74233.34 | 3977.94 | 184848, 85/2015-16; 31.03.2016 |
| 56. | 182 | മഞ്ഞപ്പന്ന കോളനി റോഡ് കോൺക്രീറ്റിംഗ് | 205 | 22.946 | 161971 | 153732.69 | 8238.07 | 373107, 78/2015-16; 30.03.2016 |
| 57. | 200 | കുഴിയിൽപ്പടി-ഉണിപ്പൊയ്ക റോഡ് കോൺക്രീറ്റിംഗ് | 199 | 9.9 | 69882 | 66327.62 | 3554.3 | 100000, Ch.No. 5544854/ 30.03.16) |
| 58. | 121 | രണ്ടാകുറ്റി-തെങ്ങിനാൽ കുന്നു-മലനട റോഡ് കോൺക്രീറ്റിംഗ് | 210 | 6.637 | 46849 | 44466.31 | 2382.82 | 99999, 83/2015-16; 30.03.2016 |
| 59. | 124 | തേപ്പപാറ-വിളവിനാൽ റോഡ് കോൺക്രീറ്റിംഗ് | 191 | 9.894 | 69840 | 66287.43 | 3552.14 | 149899, 82/2015-16; 30.03.2016 |
| 60. | 142 | മണിമല-പ്ളാമൂട് റോഡ് കോൺക്രീറ്റിംഗ് | 246 | 6.64 | 46870 | 44486.41 | 2383.89 | 100000, 86/2015-16; 31.03.2016 |
| | | ആകെ | | | | | **₹301387** | |

അധിക നിരക്ക് നൽകിയതു മൂലം ഗ്രാമപഞ്ചായത്തിനു നഷ്ടമായ **₹301387** രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറുടേയും Technical Sanction നൽകിയ Parakkodu Block Division ,Assistant Executive Engineer ടേയും പക്കൽ നിന്ന് ഈടാക്കി നിയമാനുസൃതം തിരികെ ഒടുക്കേണ്ടതാണ്. **₹301387**രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-3 പോട്ട്ഹോൾ ഫില്ലിംഗിന് ഒബ്സെർവ്ഡ് ഡാറ്റ തയ്യാറാക്കിയതിൽ അപാകത - അധിക നിരക്ക് അംഗീകരിക്കുന്നില്ല

പൊതുമരാമത്ത് വകുപ്പിന്റെ(H)17.04.2013 ലെ G.O(P) No.36/2013/PWD ഉത്തരവു പ്രകാരം CPWD Data (Central Public Works Department,Delhi Schedule Rate) പ്രാബല്യത്തിലാക്കിയതിന്റെ അടിസ്ഥാനത്തിൽ റീടാറിംഗ് പ്രവൃത്തികൾക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റിനോടൊപ്പം പോട്ട്ഹോൾ ഫില്ലിംഗിനായി തയ്യാറാക്കിയ ഒബ്സെർവ്ഡ് ഡാറ്റായിൽ അപാകത കാണപ്പെട്ടു. പോട്ട്ഹോൾ ഫില്ലിംഗിന് KSS 3.6.1.2 (Kerala Standard Specifications) പ്രകാരമുള്ള ഒബ്സെർവ്ഡ് ഡാറ്റായിൽ DSR പ്രകാരമുള്ള നിരക്ക് ഉൾപ്പെയുത്തിയിട്ടുള്ളതിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

1.പോട്ട്ഹോൾ ഫില്ലിംഗിന് പവ്വർ റോളർ ആണ് ഉപയോഗിക്കേണ്ടത്. ഇതിന് DSR പ്രകാരമുള്ള നിരക്ക്

1500/Day ആണ്. എന്നാൽ ഒബ്സെർവ്ഡ് ഡാറ്റായിൽ 3600/Day നിരക്കാണ് നൽകിയിരിക്കുന്നത്.

2.പിക്ക് അപ് ഓട്ടോ വാടകയ്ക്ക് എടുക്കുന്നതിന് മാർക്കറ്റ് നിരക്കായി 1500/Day നൽകിയിട്ടുണ്ട്.

0.09 ദിവസം ഉപയോഗിക്കുന്നതിനാണ് ഈ തുക നൽകിയിരിക്കുന്നത്. ഇതാകട്ടെ KSS 3.6.1.2

പ്രകാരം വീൽ ബാരോയ്ക്ക് നൽകേണ്ട വാടക സമയത്തിനാണ്. പിക്ക് അപ് ഓട്ടോ ഉപയോഗിക്കുമ്പോൾ ഇത്രയും സമയവും മനുഷ്യദിനവും ആവശ്യമില്ല.

പൊതുമരാമത്ത് ചീഫ് എഞ്ചിനീയറുടെ 15.12.2014 ലെ CD/Admin/PLA/1014/2005 സർക്കുലർ പ്രകാരം പത്തനംതിട്ട ജില്ലയ്ക്ക് 01.04.2014 മുതൽ ബാധകമായ Cost Index 40.95% ആണ് .ആയതിന്റെ അടിസ്ഥാനത്തിൽ പോട്ട്ഹോൾ ഫില്ലിംഗിന് ഒരു എം ക്യൂബിന് 4422/- രൂപ നിരക്കിലാണ് ഫൈനൽ ബില്ലിൽ ഉൾപ്പെടുത്തി കരാറുകാരനു തുക നൽകിയിരിക്കുന്നത്. അനുവദനീയമായ നിരക്കിന്റെ (4319.35/m3) വിശദാംശം ചുവടെ ചേർക്കുന്നു.

Filling up pot holes cut and formed to regular shapes and all loose and defective materials removed) applying a priming coat of hot Bitumen using 36 mm departmental broken stone and compacting with power roller to get a compact surface and applying hotBitumen by a pressure sprayer with all conveyance including the cost of Bitumen ,oils'fuels,hire of brass brooms ,camber board power roller and other machines watering, lighting, and other charges etc. as per specification (total usage of Bitumen is 27.50kg/m3)

| DSR Code No | ഇനം | യൂണിറ്റ് | അളവ് | നിരക്ക് | നൽകിയ തുക | നൽകേണ്ട തുക |
|---|---|---|---|---|---|---|
| 1&7 | hire for boiler and sprayer | Day | 0.03 | 1130 | 33.90 | 33.90 |

| | | | | | | |
|---|---|---|---|---|---|---|
| 55 | hire for roller | Day | 0.03 | 3600 | 108.00 | 45 |
| MR | Auto Pick up | Day | 0.09 | 1500 | 135 | 135 |
| 309 | Cost of bitumen | Tonne | 0.0275 | 50600 | 1391.50 | 1391.50 |
| 2211 | Conveyance of bitumen | Tonne | 0.0275 | 106.49 | 2.93 | 2.93 |
| 115 | Special Man mazdoor | Man Day | 1.75 | 329.00 | 575.75 | 575.75 |
| 114 | man | Man Day | 0.75 | 329.00 | 246.75 | 246.75 |
| | Women | Man Day | 0.75 | 329.00 | 246.75 | 246.75 |
| | Total | | | | 2740.58 | 2677.58 |
| | Market Rate | | | | 135.00 | 135.00 |
| | Add water charge for MR(1%) | | | | 1.35 | 1.35 |
| | Total A | | | | 136.35 | 136.35 |
| | Total Excluding MR | | | | 2605.58 | 2542.58 |
| | Add Water charge Excluding MR(1%) | | | | 26.06 | 25.43 |
| | Total B | | | | 2631.63 | 2568.01 |
| | Total A + 1.4095* Total B | | | | 3845.64 | 3755.96 |
| | Add CP &OH(15%) | | | | 576.85 | 563.39 |
| | Total | | | | 4422.48/m3 | 4319.35 |

ഇപ്രകാരം 103രൂപ ഒരു ക്യുബിക്ക് മീറ്ററിന് അധിക നിരക്ക് നൽകിയിട്ടുണ്ട്. ഇത്തരത്തിൽ അധിക നിരക്ക് നൽകിയത് എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറുടേയും സാങ്കേതികാനുമതി നൽകിയ അസി.എക്സി. എഞ്ചിനിയറുടെയും ഭാഗത്തു നിന്നുണ്ടായ പിഴവാണ്.പിക്ക് അപ് ഓട്ടോ വാടകയ്ക്ക് എടുത്തതിന് വീൽ ബാരോയ്ക്ക് നൽകേണ്ട വാടക സമയവും ആനുപാതികമായ മനുഷ്യ ദിനവും ഉപയോഗിച്ചതിന് ഓഡിറ്റ് എൻക്വയറി മുഖേന വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയില്ല.

| ക്രമ നം | പ്രൊജക്ടിന്റെ വിശദാംശം | പ്രവൃത്തിയുടെ ഇനം ,അളവ്, നിരക്ക്,പ്രതിഫലം | അർഹമായ അളവ്, നിരക്ക്,പ്രതിഫലം | അധികം നൽകിയ തുക |
|---|---|---|---|---|
| 1 | വാക്കയിൽ പടി മംഗലത്ത് പടി റോഡ് റീടാറിംഗ് ( S0156/16)<br>അടങ്കൽ തുക :450000<br>കരാറുകാരൻ: സുധീർകുമാർ.<br>ടെണ്ടർ നിരക്ക് : എസ്റ്റിമേറ്റ് നിരക്ക്<br>എം.ബുക്ക് നം. 197/15-16<br>പ്രവൃത്തിമൂല്ല്യതുക : 449519 /-<br>കരാറുകാരന് }<br>നൽകിയ തുക } : 418264/-<br>ബിൽ നം. / തീയതി :43/15-16/29-02-16 | (2) പോട്ട് ഹോൾ ഫില്ലിംഗ്<br>8m3<br>@4422/m3=<br>35376 | 8m3<br>@4319.35/m3=<br>34554.8 | 821 |
| 2 | കുരിശുംമൂട് മുകളിൽ പടി റോഡ് റീടാറിംഗ് ( S0160/16)<br>അടങ്കൽ തുക : 370000<br>കരാറുകാരൻ: ബി.ബാലചന്ദ്രൻ നായർ<br>ടെണ്ടർ നിരക്ക് : എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 17.72% കുറവ്<br>എം.ബുക്ക് നം. 182/15-16<br>പ്രവൃത്തിമൂല്ല്യതുക : 368451/-<br>കരാറുകാരന് }<br>നൽകിയ തുക } : 281401/-<br>ബിൽ നം. / തീയതി : 42/15-16/29-02-16 | (2) പോട്ട് ഹോൾ ഫില്ലിംഗ്<br>5m3<br>@4422/m3=<br>22110 | 5m3<br>@4319.35/m3=<br>21596.75 | 513.25<br>(-) ടെണ്ടർ കുറവ് :<br>90.94 =<br>422 |
| 3 | മിച്ചഭൂമി പൂഴൂർ റോഡ് റീടാറിംഗ് ( S0155/16)<br>അടങ്കൽ തുക : 510000<br>കരാറുകാരൻ: ബി.ബാലചന്ദ്രൻ നായർ<br>ടെണ്ടർ നിരക്ക് : എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 24.99% കുറവ്<br>എം.ബുക്ക് നം. 312/15-16<br>പ്രവൃത്തിമൂല്ല്യതുക : 509939/- | (2) പോട്ട് ഹോൾ ഫില്ലിംഗ്<br>4.4m3<br>@4422/m3=<br>19456.8 | 4.4m3<br>@4319.35/m3=<br>19005.14 | 451.66<br>(-) ടെണ്ടർ കുറവ് : 112.86 =<br>339 |

| | | | | |
|---|---|---|---|---|
| | കരാറുകാരന് }<br>നൽകിയ തുക } : 354557/-<br>ബിൽ നം. / തീയതി : 87/15-16/31-03-16 | | | |
| 4 | എച്ച്.എസ്.കുരിയറ റോഡ് റീടാറിംഗ് ( S0159/16)<br>അടങ്കൽ തുക : 880000<br>കരാറുകാരൻ: ബി.ബാലചന്ദ്രൻ നായർ<br>ടെണ്ടർ നിരക്ക് : എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 24.99% കുറവ്<br>എം.ബുക്ക് നം. 196/15-16<br>പ്രവൃത്തിമൂല്ല്യതുക : 879296/-<br>കരാറുകാരന് }<br>നൽകിയ തുക } : 611418/-<br>ബിൽ നം. / തീയതി : 89/15-16/31-03-16 | (2) പോട്ട് ഹോൾ ഫില്ലിംഗ്<br>8.5m3<br>@4422/m3=<br>37587 | 8.5m3<br>@4319.35/m3=<br>36714.47 | 872.53<br>(-) ടെണ്ടർ കുറവ് : 218.04<br>=<br>654 |
| | ആകെ | | | 2236 |

മേൽ അപാകതക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് ഓഡിറ്റ് എൻക്വയറി (12/28-01-2017) നൽകിയിരുന്നു. ആയതിന് അസി. എഞ്ചിനിയർ മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ഡാറ്റായിലെ അപാകത മൂലം അധിക നിരക്ക് അനുവദിച്ചിട്ടുള്ളത് മറുപടി അംഗീകരിക്കാവുന്നതല്ല. ഈ സാഹചര്യത്തിൽ ടി അധികം നൽകിയ 2236/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത തുക ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും അസി. എക്സി. എഞ്ചിനിയറിൽ നിന്നും തുല്ല്യമായി ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

## 3-4 മാനേജ്മെൻറ് സ്കൂളിന് പൈക്ക ഫണ്ട് ഉപയോഗിച്ച് കളിസ്ഥല നിർമ്മാണം - പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധം

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 235000/- രൂപ പൈക്ക മൂലധന ഗ്രാന്റ് വകയിരുത്തി അങ്ങാടിക്കൽ എസ്.എൻ.വി.എച്ച്.എസ്സ്.എസ്സിന് വോളിബോൾ കോർട്ടും ലോംഗ്ജംപ് പിറ്റും നിർമ്മാണം (S0074/16) എന്ന പ്രവൃത്തി 2015-16ലെ വാർഷിക പദ്ധതിയുടെ ഭാഗമായി ആവിഷ്കരിച്ച് നടപ്പാക്കിയത് ക്രമപ്രകാരമല്ല.

ഗ്രാമ പ്രദേശങ്ങളിൽ വസിക്കുന്ന യുവജനങ്ങളിലും വിദ്യാർത്ഥികളിലും സ്പോർട്ട്സിനോട് ആഭിമുഖ്യം വളർത്തി രാജ്യത്തെ സ്പോർട്ട്സിന്റെ അടിത്തറ വികസിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ഗ്രാമപഞ്ചായത്തുകളിൽ കായിക സൗകര്യത്തിനു വേണ്ട അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത ഉറപ്പാക്കി കൃത്യമായി വാർഷിക ടൂർണമെന്റുകൾ ബ്ലോക്ക് /ജില്ല / സംസ്ഥാന / ദേശീയ തലങ്ങളിൽ സംഘടിപ്പിക്കുകയാണ് പഞ്ചായത്ത് യുവ ക്രീഡ ഓർ ഖേൽ അഭിയാൻ പദ്ധതി ലക്ഷ്യമിടുന്നത്.

ത്രിതല പഞ്ചായത്തിന്റെ ആസ്തിയായിട്ടുള്ള കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനും വികസനത്തിനും മാത്രമായി ഉദ്ദേശിച്ചുകൊണ്ട് ലഭ്യമാക്കിയ പൈക്ക് ഗ്രാന്റ് അങ്ങാടിക്കൽ എസ്.എൻ.വി.മാനേജ്മെന്റിന്റെ കീഴിലുള്ള ഹയർ സെക്കന്ററി സ്കൂൾ വക കളി സ്ഥലത്ത് വോളീബോൾ കോർട്ടും ലോംഗ് ജംപ് പിറ്റും നിർമ്മിക്കുന്നതിനായി വകയിരുത്തി പദ്ധതി ആവിഷ്കരിച്ച് എയ്ഡഡ് സ്കൂളിന് ആസ്തി നൽകിയത് ക്രമ പ്രകാരമല്ല.

ഗ്രാമ പഞ്ചായത്തു വക സ്കൂളുകളുടെ വികസനത്തിനും ഗ്രാമ പഞ്ചായത്തിന് വിട്ടു കിട്ടിയ സ്കൂളുകളുടെ വികസനത്തിനും വാർഷിക പദ്ധതിയിൽ പ്രോജക്ട് ആവിഷ്കരിക്കാമെന്നതാണ് സർക്കാർ നിർദ്ദേശം. കുടിവെള്ളം, ടോയിലറ്റ് നിർമ്മാണം മുതലായ പ്രോജക്ടുകൾ എല്ലാ ഗവൺമെന്റ് സ്കൂളുകളിലും നടപ്പാക്കിയതിനു ശേഷം എയ്ഡഡ് പ്രൈമറി സ്കൂളുകളിലും നടപ്പാക്കാവുന്നതാണെന്നുള്ള നിർദ്ദേശം മാത്രമാണ് പദ്ധതി മാർഗ്ഗ രേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത മാർഗ്ഗ നിർദ്ദേശത്തിനു വിരുദ്ധമായാണ് പ്രോജക്ട് ആവിഷ്കരിച്ചത്.

ശ്രീമതി. ആർ.പി.സ്നേഹലത, എച്ച്.എം കൺവീനറായുള്ള ഗുണഭോക്തൃ സമിതി 14-12-2014 ൽ നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാറിലേർപ്പെട്ട് പ്രവൃത്തി ഏറ്റെടുത്ത് 21-05-2015ൽ പൂർത്തീകരിച്ചു. അളവ് പുസ്തകം 08/15-16 പ്രകാരം 199511/- രൂപയുടെ പ്രവൃത്തി മൂല്ല്യം കണക്കാക്കി നികുതികൾ കുട്ടിക്കിഴിച്ച് കൺവീനർക്ക് ഫൈനൽ ബിൽ തുകയായി 197516/- രൂപ നൽകിയിട്ടുണ്ട്(ചെക്ക് നം. 775283/03-10-15).

സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി എയ്ഡഡ് സ്കൂളിന്റെ ആസ്തിയായിട്ടുള്ള കളി സ്ഥലം നിർമ്മാണത്തിന് പ്രോജക്ട് ആവിഷ്കരിച്ച് നികുതികൾ ഉൾപ്പെടെ 211482/- രൂപ ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/31-01-2017) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ടി 211482/- രൂപയുടെ ചെലവിന് ഓഡിറ്റ് തടസ്സവാദമുന്നയിക്കുന്നു.

## 3-5 പദ്ധതിവിഹിതം പൂർണ്ണമായും വിനിയോഗിക്കാതിരുന്നതിനാൽ 1.69 കോടി രൂപ പഞ്ചായത്തിന് നഷ്ടമായി

ലഭ്യമായ ഫണ്ട് പൂർണ്ണമായും ചെലവഴിക്കാതിരുന്നതിനാൽ വികസന പ്രവർത്തനങ്ങൾക്കു വേണ്ടി വിനിയോഗിക്കാമായിരുന്ന രൂപ പഞ്ചായത്തിന് നഷ്ടമായി. ലഭ്യമായ അലോട്ട്മെന്റിൽ നിന്നും പ്രോജക്ടുകൾക്കായി ചെലവഴിക്കാതെ നീക്കിയിരിപ്പുണ്ടായിരുന്ന തുകയാണ് ഇപ്രകാരം നഷ്ടമായത്. വിശദാംശം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | മുൻ ബാക്കി | അലോക്കേഷൻ | ആകെ | പ്രൊജക്ടുകൾക്കായി വകയിരുത്തിയ തുക | ചെലവ് | നഷ്ടമായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 377631 | 12052429 | 12430060 | 11638797 | 10022605 | 2407455 |
| വികസനഫണ്ട്(എസ്.സി.പി) | 3077722 | 11756000 | 14833722 | 16163722 | 11506142 | 3327580 |
| വികസനഫണ്ട്(റ്റി.എസ്.പി) | 0 | 171000 | 171000 | 171000 | 171000 | 0 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 508111 | 4339000 | 4847111 | 4847111 | 2584759 | 2326952 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 2115679 | 3304000 | 5419679 | 5419679 | 2695900 | 5143633 |
| ധനകാര്യകമ്മീഷൻ അവാർഡ് | 2124292 | 5510707 | 7634999 | 7634999 | 7013908 | 621091 |
| ലോകബാങ്ക് ധനസഹായം | 3401000 | 0 | 3401000 | 0 | 246636 | 3154364 |
| ആകെ | 3714772 | 37133136 | 48737571 | 45875308 | 34240866 | **16981075** |

ആശ്രയ പദ്ധതി, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് തുടങ്ങിയ പ്രൊജക്ടുകൾക്ക് മതിയായ ഫണ്ട് വകയിരുത്താതെയാണ് പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ വിനിയോഗിക്കാനവശേഷിച്ച 24 ലക്ഷം രൂപ വികസന ഫണ്ടിൽ നിന്നും നഷ്ടമാവുകയും ചെയ്തു.

പദ്ധതി നിർവ്വഹണത്തിലെ കാര്യക്ഷമതയില്ലായ്മയാണ് ഇത്തരത്തിൽ ഫണ്ട് നഷ്ടപ്പെടാൻ കാരണം.സാമ്പത്തിക വർഷത്തിന്റെ അവസാന മൂന്ന് മാസങ്ങളിലാണ് ഫണ്ടിന്റെ 2/3ഭാഗവും ചെലവഴിക്കുന്നത്.

ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കും വിവിധ സേവനങ്ങൾ നൽകുന്നതിനും ലഭ്യമായ തുകയാണ് ഇപ്രകാരം നഷ്ടപ്പെട്ടത് എന്നത് തുടർനടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-6 ഭൂമിയുടെ ഉടമസ്ഥതാവകാശം തെളിയിക്കുന്നതിനുള്ള രേഖകൾ പഞ്ചായത്തിൽ ലഭ്യമല്ല

ഗ്രാമപ്പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള പ്രധാന ഭൂമിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗ്രാമപഞ്ചായത്തു വക വസ്തുവിന്റെ വിവരം | സർവ്വെ നമ്പർ | സ്ഥലത്തിന്റെ വിസ്തീർണ്ണം |
|---|---|---|---|
| 1 | മാർക്കറ്റ് | 156/9,516/17 | 22ആർ 10 ച.മീ |
| 2 | ചന്ദനപ്പള്ളി ആശുപത്രി | രേഖപ്പെടുത്തിയിട്ടില്ല | 32 ആർ 70 ച.മീ |
| 3 | എൽ.പി.സ്കൂൾ,ചന്ദനപ്പള്ളി | രേഖപ്പെടുത്തിയിട്ടില്ല | 20 ആർ |
| 4 | അങ്കണവാടി നം. 82 ചന്ദനപ്പള്ളി | 70/1 | 12 ആർ |

| | | | |
|---|---|---|---|
| 5 | ആയുർവേദ ആശുപത്രി | 286/3 | 81 ആർ |
| 6 | അങ്കണവാടി നം.69 | രേഖപ്പെടുത്തിയിട്ടില്ല | 81ആർ |
| 7. | സ്റ്റേഡിയം, ഒറ്റത്തേക്ക് | രേഖപ്പെടുത്തിയിട്ടില്ല | 28 ആർ 56 ച.മീ |
| 8. | സ്റ്റേഡിയം | 523/1,523/2,523/3,523/4,523/5,523/6,523/7,523/8,523/9,524/1,,524/2,524/3,524/4,524/5,524/6,524/7,524/8,524/9,524/10,524/11,524/12,524/13,524/14,524/15,524/15,524/16 | 97ആർ |
| 9 | അങ്കണവാടി നം.100 | 498/7 | 26 ച.മീ |
| 10 | അങ്കണവാടി നം.68 | 164/13 | 42 ആർ 32 ച.മീ |
| 12 | ഓഫീസ് | 516/19 | 21 ആർ 20 ച.മീ |
| 13 | അങ്കണവാടി നം.66 | 157/20 | 90 ആർ 42 ച.മീ |
| 14 | അങ്കണവാടി നം.67 | 286/19 | 75 ആർ 70 ച.മീ |

പഞ്ചായത്താഫീസ് സ്ഥിതിചെയ്യുന്ന ഭൂമിയുടേതുൾപ്പെടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട മേൽപ്പറഞ്ഞ ഭൂമിയുടെയൊന്നും ഉടമസ്ഥതാവകാശം തെളിയിക്കുന്ന യാതൊരു രേഖകളും പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.മേൽപ്പറഞ്ഞ വസ്തുവിന്റെയൊന്നും അസ്സൽ പ്രമാണം പഞ്ചായത്തിൽ ലഭ്യമല്ല. വസ്തുവിന്റെയൊന്നും കരം അടയ്ക്കുന്നില്ല.ഇത് സംബന്ധിച്ച് രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(13 /30.12.2016)മറുപടി ലഭ്യമാക്കിയില്ല.

ആസ്തി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പലതും അപൂർണ്ണവും തെറ്റായതുമാണ്.പല അങ്കണവാടികളുടെയും വിവരങ്ങൾ തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.ചന്ദനപ്പള്ളിയിലുള്ള 82-ാം നമ്പർ അങ്കണവാടിയ്ക്ക് 12 ആർ വിസ്തീർണ്ണമുള്ളതായി ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു.എന്നാൽ ഇത് കേവലം 5 സെന്റിൽ താഴെ മാത്രമേ വരികയുള്ളു എന്നാണ് ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചത്.

നിലവിൽ 82 മുതൽ 111 വരെ നമ്പറുകളിലുള്ള അങ്കണവാടികളാണ് ഗ്രാമപ്പഞ്ചായത്തിലുള്ളത്.എന്നാൽ ആസ്തി രജിസ്റ്ററിൽ 49,66,67,68,69 എന്നീ നമ്പറുകളിലുള്ള അങ്കണവാടികളുടെ വിവരങ്ങൾ രേഖപ്പെടുത്തിട്ടുള്ളതായി കാണുന്നു.ആയതിന്റെ നിജസ്ഥിതി പരിശോധിച്ച് ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

പഞ്ചായത്തിന്റെ മിക്ക വസ്തുവകകളുടെയും അതിർത്തി നിർണ്ണയിക്കുകയോ വേലികെട്ടിത്തിരിക്കുകയോ ചെയ്തിട്ടില്ല.പൊതുസ്ഥലങ്ങൾ കൈയ്യേറ്റം ചെയ്യപ്പെടാതെ സംരക്ഷിക്കുക എന്നത് ഗ്രാമപ്പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്.സ്ഥലത്തിന്റെ അതിർത്തി നിർണ്ണയിക്കുകയോ വേലി കെട്ടിത്തിരിക്കുകയോ ചെയ്യാത്തതുകാരണം വസ്തു കൈയ്യേറ്റം നടക്കാൻ സാദ്ധ്യതയുണ്ട്.

റവന്യൂ,രജിസ്ട്രേഷൻ വകുപ്പുകളുമായി ബന്ധപ്പെട്ട് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളുടെ അസ്സൽ പ്രമാണം കൈവശപ്പെടുത്തേണ്ടതും വസ്തു അളന്നുതിരിച്ച് അതിർത്തി നിർണ്ണയിച്ച് വേലി കെട്ടി സംരക്ഷിക്കുന്നതിനുമുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-7 തെരുവ് നായ്ക്കൾക്ക് സ്റ്ററിലൈസേഷൻ– തുക വിനിയോഗിച്ചതിന്റെ രേഖയില്ല

| | | |
|---|---|---|
| പ്രോജക്റ്റ് നം | 210/2015-16 | |
| വകയിരുത്തിയ തുക | 70000/- ഫണ്ട്) | (വികസന |
| ചെലവഴിച്ച തുക | 70000/- | |
| DD നമ്പരും തീയതിയും | 420461/17.03.2016 | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി,ഗ്രാമപഞ്ചായത്ത്. | |

നായ്ക്കളുടെ വർദ്ധനവ് തടയുന്നതിന് ആനിമൽ ബർത്ത് കൺട്രോൾ പരിപാടി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 70000/- രൂപ ജില്ലാ പഞ്ചായത്തിന് വിഹിതമായി നൽകിയിട്ടുണ്ട്. ഡി.ഡി.പി-യുടെ 23.12.2015-ലെ ജി2–5494/15-ാം നമ്പർ കത്തിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്. എന്നാൽ പദ്ധതി നടത്തിപ്പിന് നൽകിയ തുകയ്ക്ക് നാളിതുവരെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം ലഭിയ്ക്കുന്നത് വരെ ചെലവഴിച്ച 70000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-8 SSA യ്ക്ക് നൽകിയ 5 ലക്ഷം രൂപയുടെ വിനിയോഗ വിവരം ലഭ്യമല്ല

| | | |
|---|---|---|
| പ്രോജക്റ്റ് നം | 6/2015-16 | |
| വകയിരുത്തിയ തുക | 500000/- ഫണ്ട്) | (വികസന |
| ചെലവഴിച്ച തുക | 500000/- | |
| DD നമ്പരും തീയതിയും | 433801/16.12.2015 | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി,ഗ്രാമപഞ്ചായത്ത്. | |

ഗ്രാമപ്പഞ്ചായത്തിലെ എൽ.പി., യു.പി സ്കൂളുകളുടെ സമഗ്രവികസനത്തിനായി എസ്.എസ്.എ.യ്ക്ക് നൽകിയ 500000 രൂപയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമായില്ല. ഏതെല്ലാം ഇനത്തിലാണ് തുക ചെലവഴിച്ചതെന്ന ഇനം തിരിച്ചുള്ള വിനിയോഗ വിവരം ലഭ്യമാക്കാൻ എസ്.എസ്.എ യോട് ആവശ്യപ്പെടേണ്ടതാണ്. പഞ്ചായത്തിലുള്ള സ്കൂളുകളിൽത്തന്നെ ആ തുക ചെലവഴിച്ചിട്ടുണ്ടോ എന്ന വിവരം വിനിയോഗ രേഖകളുടെ അഭാവത്താൽ ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. നൽകിയ തുക ഗ്രാമപ്പഞ്ചായത്തിലെ സ്കൂളുകളുടെ വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചു എന്ന് ഉറപ്പുവരുത്തേണ്ടതും അല്ലാത്ത പക്ഷം വിനിയോഗിക്കാത്ത തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.പ്രസ്തുത സാഹചര്യത്തിൽ ചെലവ് തുകയായ 500000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 മീഡിയാശ്രീ-പദ്ധതി നടപ്പായില്ല

സർക്കാർ നിർദ്ദേശപ്രകാരം മീഡിയാശ്രീ പദ്ധതിക്കു വേണ്ടി വികസനഫണ്ടിൽ നിന്നും 65000/- രൂപ ചെലവഴിച്ചെങ്കിലും പദ്ധതി നടപ്പായില്ല.

2015-16 വാർഷിക പദ്ധതിയുടെ ഭാഗമായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ മീഡിയാശ്രീ എന്ന പ്രോജക്റ്റ് (176 /16) പ്രകാരം 65000 രൂപ വികസനഫണ്ടിൽ നിന്നും പിൻവലിച്ച് കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്. 5/12/2014-ലെ സ.ഉ(സാധാ.) നം 3206/2014/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം കുടുംബശ്രീ സ്റ്റേറ്റ് മിഷന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചരിത്രവും പദ്ധതികളും നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ആവശ്യത്തിലേക്കാണ് തുക നൽകിയത്.(ഡി.ഡി നം.419472/23.02.2016)

ഡോക്യുമെന്ററി ചിത്രം നാളിതുവരെ പഞ്ചായത്തിൽ ലഭ്യമായിട്ടില്ല. ഈ സാഹചര്യത്തിൽ പദ്ധതിക്കുവേണ്ടി ചെലവഴിച്ച തുക **65000/-** രൂപ കുടുംബശ്രീ മിഷനിൽ നിന്നും തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവുതുക **65000/-** രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് -അർഹമായ ആനുകൂല്യംനൽകുന്നില്ല

| | | |
|---|---|---|
| പ്രൊജക്ട് | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്(പൊതു വിഭാഗം)<br>പ്രൊജക്ട് നമ്പർ | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്(എസ്.സി)<br>പ്രൊജക്ട് നമ്പർ |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആനുകൂല്യം നൽകിയ ഗുണഭോക്താക്കളുടെ എണ്ണം | 48 | 19 |
| അടങ്കൽ | പദ്ധതി വിഹിതം-150000<br>ബ്ളോക്ക് വിഹിതം-75000<br>ജില്ലാ പഞ്ചായത്ത് വിഹിതം-75000 | പദ്ധതി വിഹിതം-100000<br>ബ്ളോക്ക് വിഹിതം-50000(ലഭ്യമായത്)<br>ജില്ലാ പഞ്ചായത്ത് വിഹിതം-50000 |
| ചെലവ് | പദ്ധതി വിഹിതം-150000<br>ബ്ളോക്ക് വിഹിതം-30000<br>ജില്ലാ പഞ്ചായത്ത് വിഹിതം-ലഭ്യമായില്ല. | പദ്ധതി വിഹിതം-100000<br>ബ്ളോക്ക് വിഹിതം-ലഭ്യമായില്ല.<br>ജില്ലാ പഞ്ചായത്ത് വിഹിതം-ലഭ്യമായില്ല. |

പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണത്തിനുള്ള പ്രോജക്ട് എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും ഏറ്റെടുത്തു നടപ്പിലാക്കേണ്ടതാണ്. ത്രിതല പഞ്ചായത്തുകളുടെ കാര്യത്തിൽ ഇതിന് ആവശ്യമായ തുക ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ യഥാക്രമം 50:25:25 എന്ന അനുപാതത്തിൽ വകയിരുത്തേണ്ടതാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 30000/- രൂപ പൊതുവിഭാഗം പദ്ധതിയ്ക്കായി ലഭിച്ചതൊഴികെ മറ്റ് വിഹിതം പദ്ധതിക്കായി ലഭിച്ചിട്ടില്ല. ഇക്കാരണത്താൽ 2015-16 വർഷം സ്കോളർഷിപ്പ് നൽകിയ 67 വിദ്യാർത്ഥികൾക്കും അർഹമായ നിരക്കിൽ ധനസഹായം ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ (ജി.ഒ. (എം.എസ്.) നം. 362/2013 തീ.16.11.2013 പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ഒരു വർഷം 20000 രൂപയും ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസ്സ് അനുസരിച്ച് പ്രതിവർഷം 5300 രൂപ മുതൽ 8000 രൂപ വരെയും സഹായം നൽകാമെന്നിരിക്കെ മതിയായ ഫണ്ട് വകയിരുത്താതെ 2483/- രൂപ മുതൽ 4083/- വരെയുള്ള തുച്ഛമായ നിരക്കിലാണ് സ്കോളർഷിപ്പ് നൽകിയത്. ഇത് അവശത നേരിടുന്നവരോടുള്ള പഞ്ചായത്തിന്റെ അവഗണനയാണ് സൂചിപ്പിക്കുന്നത്.

ഭാവിയിൽ ഈ പദ്ധതി ത്രിതല പഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ടായി ഏറ്റെടുത്ത് മതിയായ ഫണ്ട് വകയിരുത്തി യഥാസമയം ലഭ്യമാക്കുകയും ഗുണഭോക്താക്കൾക്ക് അർഹമായ നിരക്കിൽ ധനസഹായം വിതരണം ചെയ്യേണ്ടതുമാണ്.

## 3-11 അങ്കണവാടികൾ- അവലോകനം

ഗ്രാമപ്പഞ്ചായത്തിൽ ആകെയുള്ള 30 അങ്കണവാടികളിൽ 11 എണ്ണം വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 26 എണ്ണത്തിന് കുടി വെള്ള സൗകര്യമുണ്ട്. 4 എണ്ണം മാത്രമാണ് വൈദ്യുതിയുള്ളവ. 91,101 നമ്പർ അങ്കണവാടികൾക്ക് കെട്ടിട നിർമ്മാണത്തിന് സ്ഥലം ലഭിക്കാൻ സാദ്ധ്യതയുണ്ട്.

അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിൽ പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി സംരക്ഷണത്തിനായി റോഡിതര സംരക്ഷണഗ്രാന്റ് വിനിയോഗിക്കാമെന്നിരിക്കെ അങ്കണവാടികളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി വിരളമായേ പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കുന്നുള്ളൂ.2015-16 വർഷം ലഭ്യമായ അലോട്ട്മെന്റിൽ വിനിയോഗിക്കാതെ അവശേഷിച്ചത് 51.4 ലക്ഷം രൂപയാണ്.എല്ലാ അങ്കണവാടികളുടെയും വൈദ്യുതീകരണത്തിന് ഇതിൽ നിന്നും പണം കണ്ടെത്താമായിരുന്നു.മികച്ച ആസൂത്രണത്തിന്റെ അഭാവമാണ് ഫണ്ട് ലഭ്യമായിരുന്നിട്ടും പദ്ധതികൾ ഏറ്റെടുക്കാൻ പറ്റാത്തതിനു കാരണം.

അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.പൂരക പോഷകാഹാരത്തിന് ലഭിക്കുന്ന കേന്ദ്രഫണ്ടിൽ ബാക്കിയുള്ള തുകയും റോഡിതര സംരക്ഷണഗ്രാന്റും ഈ ആവശ്യത്തിനായി വിനിയോഗിക്കാവുന്നതാണ്.

## 3-12 ആശ്രയ പദ്ധതി

നിരാലംബരും അഗതികളുമായ ആശ്രയ ഗുണഭോക്താക്കൾക്കുവേണ്ടിയുള്ള പദ്ധതി പ്രവർത്തനം കാര്യക്ഷമമല്ല. ലഭ്യമായ ഫണ്ട് പോലും വിനിയോഗിക്കുന്നതിന് യാതൊരു നടപടിയും സ്വീകരിക്കുന്നില്ല.

2015-16 വർഷം വികസനഫണ്ടിൽ നിന്നും 400000/- രൂപ പദ്ധതിയ്ക്കായി നൽകിയിരുന്നു.എന്നാൽ ഇതിൽ ഒരു രൂപ പോലും ചെലവഴിച്ചിട്ടില്ല.

ഭവന നിർമ്മാണത്തിനായി 2010-11 വർഷം മുതൽ 2015-16 വർഷം വരെ ഗ്രാമപഞ്ചായത്തിൽനിന്നും വിവിധ ഭവന പദ്ധതികളിലായി ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | വർഷം | ആനുകൂല്യം നൽകിയ ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 2010-11 | 147 | 11873500 |
| 2 | 2011-12 | 68 | 3160000 |
| 3 | 2012-13 | 88 | 1760000 |
| 4 | 2013-14 | 74 | 1480000 |
| 5 | 2014-15 | 69 | 1380000 |
| 6 | 2015-16 | 67 | 1340000 |
| ആകെ | | 513 | 20993500 |

ആകെ 513 ഗുണഭോക്താക്കൾക്കായി ഭവന നിർമ്മാണത്തിന് ഗ്രാമപ്പഞ്ചായത്തിൽ നിന്നും (IAYയ്ക്ക് ബ്ളോക്ക് വിഹിതം നൽകിയത് ഉൾപ്പെടെ) 20993500/- രൂപ ആനുകൂല്യം നൽകിയിട്ടുണ്ട്.എന്നാൽ ആശ്രയ പദ്ധതിയിൽ 15 ഗുണഭോക്താക്കൾക്ക് വീട് ആവശ്യമായിരുന്നിട്ടും നാളിതുവരെ ഒരു ഗുണഭോക്താവിനു പോലും ആനുകൂല്യം നൽകിയിട്ടില്ല.

പദ്ധതിയ്ക്കു വേണ്ടി മതിയായ ഫണ്ട് ലഭ്യമാക്കുകയും ചെയ്തിട്ടില്ല.പ്രൊജക്റ്റിൽ 2015- 16 വർഷം വികസന ഫണ്ടിൽ നിന്നും ആശ്രയ പദ്ധതിയ്ക്കായി വകയിരുത്തിയിരുന്നത് 1477400/- രൂപയാണ്. ലഭ്യമാക്കിയത് 400000/- രൂപയും.ടി തുക നാളിതുവരെ ചെലവഴിച്ചിട്ടുമില്ല.

ആശ്രയപദ്ധതിയുടെ ആക്ഷൻ പ്ളാനിലെ ചിത്രങ്ങൾ പരിശോധിച്ചതിൽ പല ഗുണഭോക്താക്കളും വാസയോഗ്യമല്ലാത്ത ജീർണ്ണിച്ച വീടുകളിലാണ് താമസിക്കുന്നത്. എന്നാൽ പലരെയും ഭവന നിർമ്മാണത്തിനുള്ള ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുമില്ല.ഏതാനും വീടുകളുടെ ചിത്രങ്ങൾ ചുവടെ ചേർക്കുന്നു.

ഫോട്ടോ

അർഹതപ്പെട്ടവർക്ക് ആനുകൂല്യം നിഷേധിക്കപ്പെടുന്നു എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.സി.ഡി.എസ്സിന്റെ ഭാഗത്തു നിന്നും ഗുരുതരമായ അനാസ്ഥ ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ട്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല. ആശ്രയപദ്ധതിയെപ്പറ്റിയുള്ള പരാമർശങ്ങൾ മീററിംഗുകളിൽ ഉണ്ടാകുന്നില്ല.

ആശ്രയ പദ്ധതിയുടെ പൊതു നടത്തിപ്പിന്റെ മേൽനോട്ടം മോണിറ്ററിംഗ് സമിതിയിൽ നിക്ഷിപ്തമാണ്. പദ്ധതി പ്രവർത്തനം നിരന്തരം മോണിറ്ററിംഗ് സമിതി വിലയിരുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായ സമിതിയിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ , ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി ,സി.ഡി.എസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി, മെഡിക്കൽ ഓഫീസർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, ആശ്രയയുടെ ചുമതലയുള്ള സി.ഡി.എസ് അംഗം, രണ്ട് സാമൂഹ്യപ്രവർത്തകർ എന്നിവരായിരിക്കണം മോണിറ്ററിംഗ് സമിതി അംഗങ്ങൾ. സമിതി കൃത്യമായി കൂടുകയും പദ്ധതി പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 450000 | ആലുംമൂട്ടിപ്പടി ഇടപ്പുര റോഡ് റീ ടാറിംഗ് | 443551 | 6449 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

സെക്രട്ടറി 2014-15 വർഷം വിവിധ ഡെപ്പോസിറ്റ് വർക്കുകൾക്കായി ജില്ലാപഞ്ചായത്ത് കേരള വാട്ടർ അതോറിറ്റിയ്ക്ക് വികസന ഫണ്ടിൽ നിന്നും തുക നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. പ്രവർത്തി പൂർത്തീകരിച്ച് ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം വാട്ടർ അതോറിറ്റിയിൽ നിന്നും ഹാജരാക്കേണ്ടതാണ്. പ്രവൃത്തിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തിയുടെ പേർ | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി<br>നിലമേൽ കോളനി കുടിവെള്ളപദ്ധതി(205/15) | 4140048/<br>31-03-15 | 1175000 | ഇല്ല | 1175000 |
| കേരള വാട്ടർ അതോറിട്ടി<br>പറകുന്നിൽ മരുതിക്കോട് പുല്ലേലിക്കോണം കുടിവെള്ളപദ്ധതി(206/15) | 41400449/31-03-15 | 610000 | ഇല്ല | 610000 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

### 4-4 വായ്പ / വായ്പ തിരിച്ചടവ്

2014-15 സാമ്പത്തിക വർഷത്തെ വായ്പ തിരിച്ചടവിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ / തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് ഭവന പദ്ധതി | സ.ഉ (സാധാ) 563/2010ത സ്വ ഭ വ തീയതി 22.02.10 | 3355500 | 1369906 | 769906 | ഇല്ല | 600000 |

### 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

1) ഓഡിറ്റ് വേളയിൽ കണ്ടെത്തുന്ന അടവിൽ കുറവ് / അധികച്ചെലവ് എന്നിവയുടെ തിരിച്ചടവ്

ഇല്ല.

**2)** മുൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള റിക്കവറി

ഇല്ല.

### 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

### 4-8 ഓഡിറ്റ് പ്രത്യവലോകനം

**4-8)** ഓഡിറ്റ് പ്രത്യവലോകനം

**(എ).** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | **67439898** |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | **50367553** |
| വരവിനങ്ങളിലുള്ള നഷ്ടം : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ : | |
| ഓഡിറ്റിൽ അംഗീകരിക്കാത്ത തുക : | 335204 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക : | **958033** |

**(ബി)** പഞ്ചായത്ത ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | നഷ്ടമായ തുക ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | | 31581 | P.വൽസലകുമാരിയമ്മ,സെക്രട്ടറി |
| 3-2 | | 301387 | 150693.5,R.നന്ദകുമാർ,അസിസ്റ്റന്റ് എഞ്ചിനീയർ |

| | | |
|---|---|---|
| | | 150693.5,മായ R,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ്<br>എഞ്ചിനീയർ<br>1118,നന്ദകമാർ,അസിസ്റ്റന്റ്<br>എഞ്ചിനീയർ |
| 3-5 | 2236 | 1118,മായ R,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ്<br>എഞ്ചിനീയർ |
| ആകെ | 335204 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 111551 | പി.വത്സലാകമാരി അമ്മ,സെക്രട്ടറി |
| 3-4 | 211482 | ആർ.നന്ദകമാർ,അസിസ്റ്റന്റ് എൻജിനീയർ |
| 3-7 | 70000 | പി.വത്സലാകമാരി അമ്മ,സെക്രട്ടറി |
| 3-8 | 500000 | സുജ.കെ .പണിക്കർ,ഹെഡ്മിസ്ട്രസ്സ് |
| 3-9 | 65000 | പി.വത്സലാകമാരി അമ്മ,സെക്രട്ടറി |
| ആകെ | 958033 | |

സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക്,മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| *പേരും ഉദ്യോഗപ്പേരും* | *ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയം) ഔദ്യോഗിക മേൽവിലാസം* | *സ്ഥിരം മേൽവിലാസം* |
|---|---|---|
| ശ്രീആർ.നന്ദകമാർ,അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി കൊടുമൺ | കൗസ്തുഭം<br>മങ്ങാരം<br>കോന്നി |
| ശ്രീമതി പി.വൽസലാകമാരി അമ്മ,സെക്രട്ടറി | സെക്രട്ടറി<br>പുലിയൂർ ഗ്രാമപ്പഞ്ചായത്ത് | കാർത്തിക<br>പൂഴിക്കാട്<br>കടശ്ശനാട് |
| ശ്രീമതി സുജ.കെ.പണിക്കർ<br>ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്<br>ഗവ.എസ്.സി.വി.എൽ.പി.എസ് | സ്വാതി<br>താഴം<br>കരിമ്പുഴ.പി.ഒ |
| ശ്രീമതി മായ ആർ | അസിസ്റ്റന്റ് എൻജിനീയർ<br>പുളിക്കീഴ് ബ്ളോക്ക് | പുത്തൂർ<br>പാട്ടീരേത്ത്<br>ഇലവുംതിട്ട.പി.ഒ<br>പത്തനംതിട്ട |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 | എൽ. എഫ്. പി. റ്റി. എ. പി2/181/04തീയതി 06-01-05 |
| 1999-00 | എൽ. എഫ്. പി. റ്റി. എ. പി2/224/04തീയതി 03-02-05 |
| 2001-02 | എൽ. എഫ്. പി. റ്റി. എ. പി2/550/04തീയതി 03-03-05 |
| 2002-03 | എൽ. എഫ്. പി. റ്റി. എ. പി2/818/04തീയതി 06-04-05 |
| 2003-04 | എൽ. എഫ്. പി. റ്റി. എ. പി2/272/05തീയതി 24-01-06 |
| 2004.05 | എൽ. എഫ്.പി.റ്റി.എ. പി10/1137 /07തീയതി06-12-08 |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി10/708/09തീയതി<br>25-03-10/15-07-11 |
| 2006-07 | എൽ. എഫ്. പി. റ്റി. എ.പി10/838 /10തീയതി11-01-13 |
| 2007-08 | എൽ. എഫ്. പി. റ്റി.എ.പി10/766 /11തീയതി15-01-13 |
| 2008-09 | എൽ. എഫ്. പി. റ്റി. എ. പി11/767/11തീയതി<br>16-12-11/22-11-12 |

| | |
|---|---|
| 2009-10 to 2010-11 | എൽ. എഫ്. പി. റ്റി. എ. പി10/505/13തീയതി 17-12-13/07-01-14 |
| 2011-12 | എൽ. എഫ്. പി. റ്റി. എ. പി10/506/13തീയതി 17-12-13/18-01-14 |
| 2012-13 | എൽ. എഫ്. പി. റ്റി. എ. പി10/1086/14തീയതി 27-01-15/06-05-15 |
| 2013-14 | എൽ. എഫ് പി റ്റി എ പി10/456/15തീയതി 07-07-15 |
| 2014-15 | എൽ.എഫ്. പി. റ്റി. എ.പി10/745/16തീയതി 16-07-16 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട ജില്ല

## അനുബന്ധം-1

## അനുബന്ധം-1

നം.കെ.എസ്.എ.പി.റ്റി.എ.പി10/95/17
തീയതി:13.02.2017

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ കൊടുമൺ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൊടുമൺ ഗ്രാമപഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

No.KSAPTA/P10/95/2017 Dated:13/02/2017

### AUDIT CERTIFICATE

Certified that I have examined the Annual Financial Statement of **Kodumon Grama Panchayat** in Pathanamthitta district for the year ended on 31.03.2016 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Kodumon Grama Panchayat** for the year 2015-16 except the obeservations in my report properly presents the picture of income and expenditure.

Habeeb Mohammed

Deputy Director

Kerala State Audit Department

Pathanamthitta